## 1-11-11 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കടിശ്ശിക ഉണ്ട്. എന്നാൽ നികുതി കടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-11-12 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (3422) |
| 280100104-Prior Period Income-Property Tax On Non Residential Buildings | 241 |
| 280200101-Prior Period Income-Rent From Building | 96000 |
| 280200401-Prior Period Income-Other Income | 26000 |
| 280800201-Prior Period-Admin. Expenses | 10067 |
| 280200302-Prior Period- Electricity Charge Collected | 4000 |

## 1-11-13 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കടിശ്ശിക ഡിമാന്റ്, കടിശ്ശിക പിരിവ്, കടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക്

യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

വാർഷിക കണക്ക് പ്രകാരമുള്ള ആസ്തിമൂല്യം 62855871 (തേയ്മാനം കഴിച്ച്) രൂപയാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-15 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (3816985) രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (404299)രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-11-16 ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ് എങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ,ചട്ടം 58,4(എ))

## 1-11-17 തൊഴിലുറപ്പ് പദ്ധതി- വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 21925963 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഇത് 21919637 രൂപയാണ്

RP 31- 320100101 ഹെഡ്ഡ് പ്രകാരം ഭരണച്ചെലവിനത്തിലുള്ള വരവ് 1664529 രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം വരവ് രേഖപ്പെടുത്തിയിരിക്കുന്നത് 1658000 എന്നുമാണ്.

## 1-11-18 അഡ്വാൻസ്, ഡെപ്പോസിറ്റ്, ഇൻവെസ്റ്റ്മെന്റ്, സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് , നീക്കിയിരിപ്പ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുന്നതിനായി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-19 ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി

31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101-Other Fixed Assets.എന്ന ആസ്തികൾക്ക് 201560രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021 ലെ Accumalated Depreciation 610938രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2021-22 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-11-20 പ്രത്യേകോദ്ദേശ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700104 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1566000 | 450650109 | ട്രഷറി സ്പെ. ടി എസ് ബി 794 (സംയുക്ത പ്രൊജക്ടുകൾക്കുള്ള) | 1000000 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം | 503 | | | |
| 3. | 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1128220 | | | |
| 4 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 989 | | | |

## 1-11-21 ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450430102 | 11659 | 2626 |
| 2 | 450430103 | 10024 | 250 |

## 1-11-22 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്ട് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 98/21, പാറപ്പുറം കുടിവെള്ള പദ്ധതി | 22000820/14.5.20<br>22000931/10.11.20 | 43000<br>157000 | | 460500204 Advance To Implementing Agencies-Deposit With Ground Water Dept. |
| | | | | | |

## 1-11-23 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക2492045 രൂപയാണ്. എന്നാൽ 31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 8970895രൂപ യാണ്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം പാർട്ട് ബിൽ നൽകിയ എല്ലാ പ്രോജക്ടുകളും ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല 2020-21 ൽ പൂർത്തിയായ പല പദ്ധതികളും ഈ ശീർഷകത്തിൽ ഉൾപ്പെട്ടു കാണുന്നു.

## 1-11-24 വായ്പ രജിസ്റ്റർ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

വായ്പ രജിസ്റ്റർ പ്രകാരം 2020-21 വർഷാവസാനം തിരിച്ചടയ്ക്കാനുള്ള തുക പലിശ സഹിതം 9267845 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതായി കാണിച്ചിരിക്കുന്നത് 8240000 രൂപയാണ്.

## 1-11-25 റീകൺസീലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

ബാങ്കുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

## 1-11-26 വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് റീകൺസിലിയേഷൻ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

കടവല്ലൂർ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് - Literacy RP- 40(b) പ്രകാരമുള്ള നീക്കിയിരിപ്പ് തുക 2626 രൂപയാണ്. എന്നാൽ മാർച്ച് 2021ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത് 2543രൂപയാണ്.

## 1-11-27 ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-28 അലോട്ട്മെന്റ് തുകയിൽ നിന്നും കുറവ് ചെയ്തത് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

മെയിന്റനൻസ് ഗ്രാന്റ് രണ്ടാം ഗഡു തുകയായ 1741700രൂപയിൽ നിന്നും 52849രൂപ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് കുറവ് ചെയ്ത് ബാക്കി തുകയാണ് പഞ്ചായത്തിന് അനുവദിച്ചത്. എന്നാൽ ഈ തുക സ്ഥാപനത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

## 1-12 വണ്ടിത്താവളങ്ങളിൽ നിന്നും ചട്ടപ്രകാരം ഫീസ് ഈടാക്കുന്നില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഗ്രാമ പഞ്ചായത്തിന്, ചട്ടങ്ങൾക്ക് വിധേയമായി വണ്ടിത്താവളങ്ങൾ ഏർപ്പെടുത്താനും ഫീസ് ചുമത്താനും അധികാരം നൽകിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് 1995 - ലെ കേരളാ പഞ്ചായത്ത് രാജ് (ഇറക്ക സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി.

1) ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം എത്ര വണ്ടിത്താവളങ്ങൾ ഉണ്ട്?

2) ഓരോ വണ്ടിത്താവളങ്ങളിലും എത്ര വീതം വാഹനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചിട്ടുണ്ട്?

3) വണ്ടിത്താവളങ്ങളിൽ, 1995 - ലെ കേരളാ പഞ്ചായത്ത് രാജ് (ഇറക്ക സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ പ്രകാരം ഫീസുകൾ പിരിക്കുന്നുണ്ടോ? ആയത് കുത്തക അവകാശമായി ആർക്കെങ്കിലും നൽകിയിട്ടുണ്ടോ?

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 34/16.9.21) ലഭ്യമാക്കിയ മറുപടിയിൽ യാതൊരു വണ്ടിത്താവളങ്ങളും പ്രവർത്തിക്കുന്നില്ല എന്നാണ് വ്യക്തമാക്കിയത്. എന്നാൽ പഞ്ചായത്തിന് അഭിമുഖമായി ഒരു ഓട്ടോ/ടാക്സി വണ്ടിത്താവളം പ്രവർത്തിക്കുന്നുണ്ട്. എൻക്വയറിയുടെ മറുപടി പ്രകാരം ഈ വണ്ടിത്താവളം പഞ്ചായത്തിന്റെ അനുവാദം നേടാതെ ആണ് പ്രവർത്തിച്ചു വരുന്നത് എന്ന് വ്യക്തമാണ്. മാത്രമല്ല 30.10.19 തിയ്യതിയിലെ ഭരണസമിതി തീരുമാനപ്രകാരം ഫയൽ നമ്പർ :- ബി2-7182/19 കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ കരിക്കാട് ഓട്ടോ പാർക്കിൽ നിന്നും ഷൺമുഖപുരം കോളനിയിലേയ്ക്ക് പോകുന്ന റോഡ് തകരാറിലായത് സംബന്ധിച്ച് കരിക്കാട് ഓട്ടോഡ്രൈവേഴ്സ് സമർപ്പിച്ച പരാതി പരിഗണിച്ച് സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് എടുക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ടി പ്രവൃത്തി നടപ്പിലാക്കുന്നതിനും MGNREGS അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തി യോഗം ഐക്യകണ്ഠേന അംഗീകരിച്ചത് തീരുമാനിച്ചിട്ടുണ്ട്.

വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് ചട്ടവ്യവസ്ഥകൾക്കുള്ളിൽ നിന്നാണെന്ന് പഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

## 1-13-1 വ്യാപാര സംരംഭക ലൈസൻസ്

1.സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2255 ൽ പരം കെട്ടിടങ്ങളാണ് നോൺ റെസിഡെൻഷ്യലിൽ ഉൾപ്പെടുന്നത്. എന്നാൽ 2019 -20 ൽ വ്യാപാരക സംരംഭക ലൈസൻസ് (FACTEOS) എടുത്തവരുടെ എണ്ണം 501 ഉം 2020-21 ൽ 439-ഉം മാത്രമാണ്. പരിശോധനക്ക് ലഭ്യമാക്കിയ 2020-21 ലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 470 സ്ഥാപനങ്ങളാണ് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചിരിക്കുന്നത്. പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി ഇതിൽ നിന്നും വ്യക്തമാകുന്നു. ഈ വ്യത്യാസം പരിശോധിക്കേണ്ടതും പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് മാത്രം പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും ആണ്.

2.വിവരാവകാശ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. താഴെ പട്ടികയിലുള്ള വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | വിവരാവകാശ ഫയൽ നമ്പർ, തീയതി | പരാമർശം | നൽകിയ മറുപടി | ഓഡിറ്റ് അന്വേഷണം |
|---|---|---|---|---|
| 1. | ബി 2 / 6675 / 19<br>5.11.20 | 7 -ആം വാർഡിലുള്ള അൾട്ര്ാംസ് എന്ന സ്ഥാപനത്തിന് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടോ | ഇല്ല | നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്നത് ഫീൽഡ് പരിശോധന നടത്തിയതിന്റെയും പിഴ ഈടാക്കിയതിന്റെയും വിവരം അറിയിക്കേണ്ടതാണ് . |

3.വ്യാപാര സംരംഭക ലൈസൻസ് അപേക്ഷകൾ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ പ്രവർത്തനത്തിന് അടവാക്കേണ്ട മെഷീനറി റണ്ണിങ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. മാത്രമല്ല ലൈസൻസിനായി അപേക്ഷകൻ നൽകിയിട്ടുള്ള അപേക്ഷയിൽ യന്ത്രത്തിന്റെ കുതിരശക്തി ചേർത്തിട്ടുണ്ടെങ്കിലും ഹെൽത്ത് ഇൻസ്പെക്ടർ സ്ഥാപനത്തിൽ പരിശോധന നടത്തി നൽകിയിട്ടുള്ള സാനിറ്ററി സർട്ടിഫിക്കറ്റിൽ പ്രസ്തുത കോളം (യന്ത്രത്തിന്റെ കുതിരശക്തി) ബ്ലാങ്ക് ആയാണ് ചേർത്തിരിക്കുന്നത്. അതിനാൽ മെഷീനറി റണ്ണിങ് ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ ചേർത്തിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | സാനിറ്ററി സെർട്ടിഫിക്കറ്റിൽ ചേർത്തിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | മെഷീൻ റണ്ണിങ് ഫീസ് ഈടാക്കിയതിന്റെ വിവരം |
|---|---|---|---|---|
| 1. | അമ്മ എഞ്ചിനീയറിംഗ് വർക്സ് | 9.5 HP | - | ഈടാക്കിയിട്ടില്ല |
| 2. | മാസ് ബേക്സ് (9/148A) | 3 HP | - | ഈടാക്കിയിട്ടില്ല |

4. താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിന് പിഴ ഈടാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഇവ ലൈസൻസ് എടുത്തിട്ടുണ്ടോ? മറുപടി വസ്തുതകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1) 16.5.19 ൽ സുകുമാരൻ സിറ്റി ഫാസ്റ്റ് ഫുഡ് എന്നവരിൽ നിന്നും 1000 രൂപ ഈടാക്കിയിട്ടുണ്ട്.

2) 16.5.19 ൽ ഷംസുദീൻ , തലശ്ശേരി ഹോട്ടൽ എന്നവരിൽ നിന്നും 1000 രൂപ ഈടാക്കിയിട്ടുണ്ട്.

3) 27.6.19 ൽ അൽമാസ് ചിക്കൻ സെന്റർ എന്നവരിൽ നിന്നും 1000 രൂപ ഈടാക്കിയിട്ടുണ്ട്.

4) 27.6.19 ൽ ഹലാൽ ചിക്കൻ സെന്റർ എന്നവരിൽ നിന്നും 1000 രൂപ ഈടാക്കിയിട്ടുണ്ട്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:35/16.9.21 )മറുപടി ലഭ്യമാക്കിയിട്ടില്ല .

## 1-13-2 പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ച വരുന്ന

സംരംഭക ലൈസൻസ് രജിസ്റ്ററും സഞ്ചയയും ഒന്നിച്ച് പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ ആണെന്നാണ് കാണുന്നത്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് , മറ്റു വിവരങ്ങൾ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഗണം |
|---|---|---|---|
| 1. | 4 / 272 | ഐസ് കമ്പനി സ്റ്റോക്യാപ് | പാർപ്പിടാവശ്യം |
| 2 . | 6 / 282B | ഫിഷ് മാർക്കറ്റ് | ബിൽഡിങ് നോട്ട് ഫൗണ്ട് |
| 3. | 8 / 457 | ന്യൂ റാബിയ സ്റ്റോഴ്സ് | പാർപ്പിടാവശ്യം |
| 4. | 13 / 365 | കോഴി,മൽസ്യം വിൽപ്പനക്ക് | പാർപ്പിടാവശ്യം |
| 5. | 15 / 48 ഡി | തുണി കച്ചവടം | ബിൽഡിങ് നോട്ട് ഫൗണ്ട് |
| 6. | 15 / 162 | ശ്രീ ശക്തി ആയുർവേദ് | പാർപ്പിടാവശ്യം |
| 7. | 15 / 521 | പെട്രോൾ പമ്പ് | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/14.9.21) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എൻക്വയറിയിൽ സൂചിപ്പിച്ച കെട്ടിടങ്ങളെ സംബന്ധിച്ച വിവരമല്ല മറുപടിയിൽ നൽകിയിരിക്കുന്നത് എന്നതിനാൽ തൃപ്തികരമല്ല. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തിയോ അല്ലെങ്കിൽ പഞ്ചായത്ത് രാജ് നിയമം 205 ബി പ്രകാരം നോട്ടീസ്സ് നൽകിയോ അനധികൃതമായി പ്രവൃത്തിക്കുന്നവക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമായിരിക്കേണ്ടതായുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് കെട്ടിടത്തിന്റെ ഒക്യൂപൻസി ഉറപ്പാക്കേണ്ടതാണ്. അനധികൃത കെട്ടിടങ്ങളിൽ വ്യാപാരങ്ങൾക്കോ വ്യവസായങ്ങൾക്കോ ലൈസൻസ് നൽകാവുന്നതല്ല.

## 1-14 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

വ്യാപാര സംരംഭക ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | സി.പി.മാണി ആൻഡ് ബ്രദേഴ്സ് (15 / 721 ) | 8 |
| 2. | മാസ് ബേക്സ് (9/148A) | 10 |
| 3. | തലശ്ശേരി റസ്റ്ററന്റ് ആൻഡ് കൂൾബാർ ബേക്കറി (14/765,766) | 9 |
| 4. | കൈരളി ബിൽഡേഴ്സ് (16/336) | 6 |
| 5. | ഫുഡ് ബുക്ക് റസ്റ്റോറന്റ് (15/808A) | 5 |
| 6. | IFA ഹൈപ്പർമാർട്ട് (17/555B) | 10 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.കരാറുകാരിൽ നിന്നും നികുതി ഒടുക്കാത്തത്

അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2020-21 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .
പ്രസ്തുത വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1, | ടി.സുരേന്ദ്രൻ |
| 2, | എം.കെ മോഹനൻ |
| 3. | സുബ്രമണ്യൻ എം.പി. |
| 4. | വിഷ്ണു എം.വി. |
| 5. | പി.എൻ. വിജയൻ |
| 6. | കെ.രാജൻ |
| 7. | പദ്മനാഭൻ കെ. |
| 8. | എ.ബി. ബിനേഷ് |
| 9. | കുട്ടൻ ഉണ്ണിമോൻ |
| 10. | നിഖിൽ ആർ. |
| 11. | മനാഫ് ഇ.വി. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/16-09-2021) തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തൊഴിൽ നികുതി കുറവായി ഈടാക്കി-( 2020-21)

പെരുമ്പിലാവ് പി.എച്ച്.സി. യിൽ പ്രവൃത്തിക്കുന്ന താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായാണ് ഈടാക്കിയിട്ടുള്ളത്.

| ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | അർദ്ധവർഷം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | എൻക്വയറിക്ക് മറുപടിയായി കുറവ് തുക ഈടാക്കിയവിവരം |
|---|---|---|---|---|---|
| സന്ധ്യ എം.കെ. സ്റ്റാഫ് നഴ്സ് | 102000 | ഒന്ന് | 750/- | 1000/- | 250/- 1210101092490/13.9.21 |
| ആര്യ എം.എ . സ്റ്റാഫ് നഴ്സ് | 102000 | ഒന്ന് | 750/- | 1000/- | 250/- 1210101092545/14.9.21 |
| രതി ആർ.നായർ സ്റ്റാഫ് നഴ്സ് | 102000 | ഒന്ന് | 750/- | 1000/- | 250/- 1210101092491/13.9.21 |
| അംബിക പി. കെ. പി.ടി.സി. | 67900 | ഒന്ന് | 450/- | 600/- | ഈടാക്കിയിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 12/10-09-2021) മറുപടിയായി 3 പേരിൽ നിന്നും തുക ഈടാക്കിയ വിവരം ലഭ്യമാക്കിയിട്ടുണ്ട്. അംബിക പി. കെ., പി.ടി.സി. യിൽ നിന്നും കുറവു വന്ന തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 ലേലം നടത്തിയ വിവരം അറിയിക്കേണ്ടതാണ്

2020 -21 വർഷത്തിൽ ലേലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന തീയതികളിൽ ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട് . എന്നാൽ ആയതിൽ നാളിതുവരെ ലേല നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | തീയതി | യോഗതീരുമാനം |
|---|---|---|
| 1. | 29.5.20 | 15 (1) പ്രകാരം പി. എം. കെ. എസ്. വൈ. മണ്ണ് ലേലം അടിമനത്തറ തോട് 402 എം.$^3$ ലേലം ചെയ്യുന്ന തുക 84147, വടശ്ശേരി തോട് 198 എം.$^3$ മണ്ണ് ലേലം ചെയ്യുന്ന തുക 41445<br>ലേലം നടത്തിയ വിവരം അറിയിക്കേണ്ടതാണ് |
| 2. | 23.10.20 | 1(4 ) പ്രകാരം 3 കാന പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ് 268 .90 എം $^3$ ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (54/17.9.21) മറുപടി ലഭ്യമായിട്ടില്ല. ഈ അപാകതക്ക് (നാളിതുവരെ ലേല നടപടികൾ സ്വീകരിക്കാത്തതിൽ) മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

സഞ്ചയയിൽ നിന്നും പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ റോഡുകളുടെയും എണ്ണം, വിവരം (സെക്രട്ടറിയുടെ ലോഗിനിൽ നിന്ന്) എന്നിവ ആവശ്യപ്പെട്ടതിന് 6.9.21 ന് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ആകെ ഒരു റോഡ് മാത്രമേ ഇതിൽ ഉൾക്കൊള്ളുന്നുള്ളൂ. സാധാരണയായി സെക്രട്ടറിയുടെ ലോഗിനിൽ നിന്ന് മുഴവൻ വാർഡുകളിലെയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷൻ ആയി വരേണ്ടതാണ്. ഇത് മൂലം ക്ലർക്കുമാർ വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ റോഡിന്റെ പേരും അനുബന്ധ വിവരങ്ങളും പുതുതായി ചേർത്ത് കൊടുക്കേണ്ടതുണ്ട്. എന്നാൽ നികുതി അടവാക്കി വരുന്ന ചില കെട്ടിടങ്ങളുടെ സഞ്ചയയിൽ നിന്നുള്ള ഫോം -6 പരിശോധിച്ചതിൽ നിന്നും ഒരേ റോഡുകളെ തന്നെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി വ്യത്യസ്ത നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതായി കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല (നൽകിയ ഇളവ്) | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ പേര് | റോഡിന്റെ തരം |
|---|---|---|---|---|
| 1. | 1/223 | തൃതീയം (20% ഇളവ്) | കോഴിക്കോട് റോഡ് | 1.5 മീ. കൂടുതൽ |
| 2. | 1/224 | പ്രഥമം | കോഴിക്കോട് റോഡ് | 1.5 മീ. കൂടുതൽ |
| 3. | 15/809 | പ്രഥമം | പെരുമ്പിലാവ് | 5 മീ. കൂടുതൽ |
| 4. | 15/738 | തൃതീയം (20% ഇളവ്) | പെരുമ്പിലാവ് | 1.5 മീ. കുറവ് |
| 5. | 8/58 | തൃതീയം (20% ഇളവ്) | കുന്നംകുളം പട്ടാമ്പി റോഡ് | 1.5 മീ. കൂടുതൽ |
| 6. | 8/59 | ദ്വിതീയം (10% ഇളവ്) | കുന്നംകുളം പട്ടാമ്പി റോഡ് | 1.5 മീ. കൂടുതൽ |
| 7. | 15/434 | പ്രഥമം | പൊറവ്വൂർ | 1.5 മീ. കൂടുതൽ |
| 8. | 15/436a | തൃതീയം (20% ഇളവ്) | പൊറവ്വൂർ | 1.5 മീ. കൂടുതൽ |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 10(1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളും, മേഖലകളുടെ തരം തിരിവും, റോഡുകളുടെ തരം തിരിവും യഥാക്രമം 4-ഉം, 7-ഉം, 8-ഉം ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തു നിശ്ചയിച്ച് പ്രസിദ്ധീകരിച്ച് കഴിഞ്ഞതിനു ശേഷം , കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയും വാർഷികവസ്തുനികുതിയും കെട്ടിട ഉടമകൾക്ക് സ്വയം നിർണ്ണയിക്കാൻ സഹായകരമായ വിവരങ്ങളടങ്ങിയ ഒരു പൊതു നോട്ടീസ് 203- ആം വകുപ്പ് (10)-ആം ഉപവകുപ്പ് പ്രകാരം സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) 2011 ചട്ടങ്ങളിലെ ചട്ടം-7 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളായി തരം തിരിക്കുന്നുണ്ട്. ആയവക്ക് വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ ഇളവുകളും വർധനവും (ചട്ടം 6 പ്രകാരം) അനുവദിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണസമിതി മിനട്സ് പരിശോധിച്ചതിൽ നിന്നും റോഡുകൾ നോട്ടിഫൈ ചെയ്തത് അംഗീകരിക്കുന്നതിനായി താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടതായി കാണുന്നു.

നോട്ടിഫൈ ചെയ്ത റോഡുകളുടെ അംഗീകാരം

യോഗ തീയതി :19.07.2019

തീരുമാന നമ്പർ :- 6(1)

കെട്ടിടനിർമ്മാണ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് എല്ലാ ഗ്രാമപഞ്ചായത്തുകളും നോട്ടിഫൈ ചെയ്ത റോഡുകളുടെ ലിസ്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തണമെന്ന ബഹു.പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശപ്രകാരം കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ 2013 ലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണസമിതിയുടെ 05/07/2013 ലെ 160/13 നമ്പർ തീരുമാനപ്രകാരം നോട്ടിഫൈ ചെയ്ത റോഡുകളുടെ ലിസ്റ്റ് വായിച്ച് ഭേദഗതികളില്ലാതെ യോഗം ഐകകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു. എന്നാൽ നാളിതു വരെയായിട്ടും 05/07/2013 ലെ 160/13 നമ്പർ തീരുമാനപ്രകാരം നോട്ടിഫൈ ചെയ്ത റോഡുകളുടെ ലിസ്റ്റ് സെക്രട്ടറിയുടെ ലോഗിനിൽ നിന്ന് പോലും ലഭ്യമല്ല എന്നത് ഏറെ ഗൗരവത്തോടെ കാണേണ്ടതായുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 6 (1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ആം വകുപ്പ് (7)-ആം ഉപവകുപ്പ്) പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും അടിസ്ഥാനമാക്കേണ്ട ഘടകങ്ങളുടെ തരം തിരിവുകളും ഓരോ തരത്തിന്റെയും കാര്യത്തിൽ അടിസ്ഥാന വസ്തു നികുതിയുടെ എത്ര ശതമാനം ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തേണ്ടതുണ്ട് എന്ന് കൃത്യമായി വിവരിക്കുന്നുണ്ട്. ഇതിലെ പട്ടിക -1 ൽ മേഖലകളുടെ അടിസ്ഥാനത്തിലുള്ള ഇളവ്/വർധനവ്, പട്ടിക -2 ൽ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവ് എന്നിവ പ്രകാരം എത്ര ശതമാനം ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തേണ്ടതുണ്ട് എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ പഞ്ചായത്തിലെ സഞ്ചയ ഡാറ്റാബേസ് പ്രകാരം ഒരേ ഒരു റോഡ് മാത്രം നില നിൽക്കുന്നതിനാൽ നികുതി നിർണ്ണയം നടത്തുമ്പോൾ മാന്വലായി റോഡിന്റെ പേര് ചേർത്ത് കൊടുക്കുകയാണ് ചെയ്യുന്നത്.

<u>റോഡിന്റെ പേര് :</u>

നികുതി നിർണയത്തിന് റോഡിന്റെ പേര് മാന്വലായി ചേർത്ത് കൊടുക്കുന്നു.

<u>വഴി സൗകര്യം :</u>

മാന്വലായി ചേർത്ത് കൊടുത്ത റോഡിന്റെ തരം ഏതാണെന്ന് സ്വയം തീരുമാനിക്കുകയോ, സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയത് സ്വീകരിക്കുകയോ ചെയ്യാം. മിക്ക റോഡുകളും ഒന്നര മീറ്ററിൽ കുറവ് മുതൽ അഞ്ചു മീറ്റർ കൂടുതൽ വരെയാണുള്ളത്. ഇവയ്ക്ക്

*5 മീ. കൂടുതലിന് - 20 ശതമാനം വർദ്ധനവ്,
*ഒന്നര മീ. കുറവിന് - 10 ശതമാനം കുറവ്,

* വഴി പൊതു വഴി സൗകര്യമില്ലാത്തത് - 20 ശതമാനം കുറവ്, എന്ന രീതിയിലാണ് ചട്ടപ്രകാരം നിശ്ചയിച്ചിരിക്കുന്നത്

<u>ഒരേ റോഡിന് തന്നെ വ്യത്യസ്ത വീതികളിൽ രേഖപ്പെടുത്തുന്ന ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.</u>

| കെട്ടിട നമ്പർ | റോഡ് | റോഡിൻറെ തരം |
|---|---|---|
| 4-1 | കല്ല് പുറം ചാലിശ്ശേരി റോഡ് | ഒന്നര മീ. കുറവ് |
| 4-10 | കല്ല് പുറം ചാലിശ്ശേരി റോഡ് | ഒന്നര മീ.കൂടുതൽ |
| 4-10 (B) | പള്ളിവളപ്പിൽ റോഡ് | ഒന്നര മീ.കൂടുതൽ |

<u>അടുത്തടുത്തായി സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ വ്യത്യസ്ത റോഡുകളിലും വ്യത്യസ്ത മേഖലകളിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.</u>

| കെട്ടിട നമ്പർ | റോഡ് | റോഡിൻറെ തരം | മേഖല |
|---|---|---|---|
| 16 / 1 പഞ്ചായത്ത് ഓഫീസ് | പഴഞ്ഞി റോഡ് | ഒന്നര മീ. കൂടുതൽ | തൃതീയം |
| 16 / 1 A സെക്രട്ടറി പഞ്ചായത്ത് | അക്കികാവ്- കരിക്കാട് റോഡ് | ഒന്നര മീ. കൂടുതൽ | ദ്വിതീയം |

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവം സമാഹരിക്കുന്നത് പ്രധാനമായും നികുതികളിലൂടെയാണ്. ഇത് പൂർണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ സേവന പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതികളിലെ പ്രധാനപ്പെട്ട വസ്തുനികുതി കുറ്റമറ്റ രീതിയിൽ നിർണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതുണ്ട്. നിലവിൽ പഞ്ചായത്തിൽ 14693 കെട്ടിടങ്ങൾക്കാണ് വസ്തുനികുതി ഈടാക്കി വരുന്നത്. മേൽ സൂചിപ്പിച്ച രീതിയിലുള്ള നികുതി നിർണ്ണയം വൻ തോതിലുള്ള നികുതി ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട് .

<u>ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി</u>

ഗ്രാമപഞ്ചായത്തിന്റെ നികുതി ശേഖരണം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയായിരിക്കെ നികുതി ചോർച്ചക്ക് കാരണമാകുന്ന മേൽ വസ്തുതകൾ കണ്ടെത്തി തടയാൻ കഴിയാഞ്ഞത് പരിശോധിക്കേണ്ടതാണ്. നികുതിനിർണയത്തിന് ചട്ടത്തിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് അടിയന്തിര പ്രാധാന്യത്തോടെ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16-1 വസ്തു നികുതി നിർണ്ണയം-തെറ്റായ രീതിയിലുള്ള മേഖല നിർണ്ണയം

താഴെ ചേർത്തിരിക്കുന്ന സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ വിവരങ്ങൾ : മുഹമ്മദ് നൗഷാദ്, കോമത്ത് വീട്

കെട്ടിട നമ്പർ : 5 / 331 A, B, C, D, E, F, G, H, I

ടി കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ (സഞ്ചയയിൽ നിന്നുള്ള ഫോം-6 പ്രകാരമുള്ളത് ) താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിടത്തിൻറെ സമീപമുള്ള റോഡിൻറെ പേര് | മേഖല | മേഖല അടിസ്ഥാന ത്തിലുള്ള ഇളവ് | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് | ഉപയോഗക്രമം (അടിസ്ഥാന വസ്തു നികുതി നിരക്ക് ) | കെട്ടിടത്തിൻറെ ആകെ വിസ്തീർണ്ണം (ച:മീ) | മേഖല അടിസ്ഥാനത് തിലുള്ള ഇളവ് (രൂപയിൽ) |
|---|---|---|---|---|---|---|---|---|---|
| 1. | 331 A | ചേർത്തിട്ടില്ല (5 മീ. അതിൽ കൂടുതലോ) | പ്രഥമം | ഇല്ല | ഇല്ല | 20% | 100 ച.മീ.മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ 60 /- | 87 .89 | 1054 .68 |
| 2. | 331 B | സുന്ദരയ്യ റോഡ് (5 മീ. അതിൽ കൂടുതലോ) | പ്രഥമം | ഇല്ല | ഇല്ല | 20% | വാണിജ്യാവശ്യ ത്തിനുള്ളവ 200 ച.മീ. മുകളിൽ 80 /- | 150.07 | 2401.12 |
| 3. | 331 C | സുന്ദരയ്യ റോഡ് (5 മീ. അതിൽ കൂടുതലോ) | പ്രഥമം | ഇല്ല | ഇല്ല | 20% | പാർപ്പിടാവശ്യം 5/- | 64 | 64/- |
| 4. | 331D | സുന്ദരയ്യ റോഡ് (5 മീ. അതിൽ കൂടുതലോ) | പ്രഥമം | ഇല്ല | ഇല്ല | 20% | പാർപ്പിടാവശ്യം 5/- | 75 | 75/- |
| 5. | 331E | സുന്ദരയ്യ റോഡ് (5 മീ. അതിൽ കൂടുതലോ) | പ്രഥമം | ഇല്ല | ഇല്ല | 20% | പാർപ്പിടാവശ്യം 5/- | 58 | 58/- |
| 6. | 331F | സുന്ദരയ്യ റോഡ് (5 മീ. അതിൽ കൂടുതലോ) | പ്രഥമം | ഇല്ല | ഇല്ല | 20% | പാർപ്പിടാ വശ്യം 5/- | 66 | 66/- |
| 7. | 331G | ഹൈവേ റോഡ് (1.5 മീ.ൽ കൂടുതൽ) | തൃതീയം | 20%(44.8/-) | ഇല്ല | ഇല്ല | വിദ്യാഭ്യാസാവശ്യം 7/- | 32 | 44.8/- |
| 8. | 331H | സുന്ദരയ്യ റോഡ് (5 മീ. അതിൽ കൂടുതലോ) | പ്രഥമം | ഇല്ല | ഇല്ല | 20% | 100 ച.മീ.മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ 60 /- | 43.95 | 527/- |
| 9. | 331 I | സുന്ദരയ്യ റോഡ് (5 മീ. അതിൽ കൂടുതലോ) | പ്രഥമം | ഇല്ല | ഇല്ല | 20% | 100 ച.മീ.മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ 60 /- | 43.95 | 527/- |

മേൽ പട്ടിക പ്രകാരം ഒരേ കെട്ടിടത്തിന് വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി നികുതി ഇളവുകൾ നൽകിയിരിക്കുന്നതായി കാണുന്നു. മാത്രമല്ല സെക്രട്ടറിയുടെ സഞ്ചയ ലോഗിനിൽ നിന്നും റോഡുകളുടെ പേരുകളുടെ ഫീൽഡിൽ നിന്നും ഓപ്ഷൻ ആയി വരുന്ന റോഡുകളിൽ ( 6.09.21 ന് സഞ്ചയയിൽ നിന്നും ലഭ്യമാക്കിയ റോഡ് ലിസ്റ്റ് ) മേൽ പട്ടികയിൽ സൂചിപ്പിച്ച റോഡുകൾ ഒന്നും തന്നെ കണ്ടെത്താൻ സാധിക്കുന്നില്ല. മേൽ വിവരിച്ച അപാകതക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16-2 വസ്തു നികുതി നിർണ്ണയം -കുറവ് നിരക്കിൽ വസ്തുനികുതി ഈടാക്കി വരുന്നു.

താഴെ കൊടുത്തിരിക്കുന്ന കെട്ടിടത്തിന് തെറ്റായ നിരക്കിൽ വസ്തുനികുതി ഈടാക്കി വരുന്നു. നാളിതുവരെ കുറവായി ഈടാക്കിയ വസ്തുനികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കേണ്ടതാണ്.

| | |
|---|---|
| കെട്ടിട നമ്പർ | 17 / 555 ഇ |
| കെട്ടിട നിർമ്മാണ പെർമിറ്റ് നമ്പർ | ബി 1 -6568 / 2015 |
| കെട്ടിട ഉടമയുടെ പേര് | അബ്ദുൾസലീം,ഉമ്മർ,ഹുസൈൻ,മുഹമ്മദുണ്ണി |
| തറ വിസ്തീർണ്ണം | 226.29 ച.മീ. |

| | |
|---|---|
| വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് പ്രകാരം കെട്ടിടത്തിൻറെ ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ |
| ഈടാക്കിയിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് | 50 |
| ആകെ വസ്തു നികുതി (മേഖല 10% ഇളവ് കഴിച്ച്)+ ലൈബ്രറി സെസ് | 10184 + 510 = 10694 |
| ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി നിരക്ക് | 80 |
| ആകെ വസ്തു നികുതി (മേഖല 10% ഇളവ് കഴിച്ച്)+ ലൈബ്രറി സെസ് | 16292 + 815 = 17107 |

## 1-17 സ്ട്രീറ്റ് ലൈറ്റ് സേവനം - സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണം

ഗ്രാമപഞ്ചായത്ത്ഫണ്ടിൽ നിന്നും 2020-21 വർഷത്തിൽ സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജ് ആവശ്യത്തിലേക്കായി താഴെപറയും പ്രകാരം തുക കെ.എസ്.ഇ.ബി-യിലേക്ക് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 22000043/07.04.20 | 227934 |
| 22000092/22.05.20 | 230604 |
| 22000202/17.06.20 | 227265 |
| 22000280/16.07.20 | 221947 |
| 22000367/10.08.20 | 237054 |
| 22000507/11.09.20 | 218107 |
| 22000588/09.10.20 | 219200 |
| 22000648/09.11.20 | 218741 |
| 22000752/08.12.20 | 222281 |
| 22000998/08.01.21 | 216011 |
| 22001133/10.02.21 | 218455 |
| 22001225/10.03.21 | 212837 |
| ആകെ | 2670436 |

2020-21 ൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഇനത്തിലെ ആകെ പിരിവ് 59.65 ലക്ഷത്തോളം രൂപയാണ്. അതായത്, വസ്തുനികുതി ഇനത്തിലെ ആകെ പിരിവിന്റെ 44.76%ൽ കൂടുതൽ തുക സ്ട്രീറ്റ് ലൈറ്റ് സേവന ആവശ്യത്തിനായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് സ്ട്രീറ്റ് ലൈറ്റിന്റെ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതാണ് എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ സ്ട്രീറ്റ് ലൈറ്റ് സേവനം ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നം. 26/14.09.21)

## 1-18 പൊതുടാപ്പ് സേവനം--സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണം

ഗ്രാമപഞ്ചായത്ത് 2020-21 വർഷത്തിൽ പൊതുടാപ്പ് സേവനം നൽകുന്ന ആവശ്യത്തിലേക്കായി താഴെപറയും പ്രകാരം തുക വാട്ടർഅതോറിറ്റി-യിലേക്ക് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 22000064/30.04.20 | 134313 |
| 22000171/15.06.20 | 134313 |

| | |
|---|---|
| 22000229/26.06.20 | 134313 |
| 22000304/28.07.20 | 134313 |
| പ്രോജക്ട് നംപർ 262/21 പ്രകാരം ചെലവ് | 1074504 |
| ആകെ | 1611756 |

2020-21ൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഇനത്തിലെ ആകെ പിരിവ് 59.65 ലക്ഷത്തോളം രൂപയാണ്. വസ്തുനികുതി ഇനത്തിലെ ആകെ പിരിവിന്റെ 44.76%ൽ കൂടുതൽ തുക സ്ട്രീറ്റ് ലൈറ്റ് സേവന ആവശ്യത്തിനായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. അതിനു പുറമെ മേൽ വിവരിച്ച പ്രകാരം ആകെ പിരിവിന്റെ 27.02%ൽ കൂടുതൽ പൊതുടാപ്പ് സേവനം നൽകുന്ന ആവശ്യത്തിലേക്കായും ചെലവഴിച്ചിട്ടുണ്ട്.

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് പൊതുടാപ്പ് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്തുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ പൊതുടാപ്പ് സേവനം ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നം. 27/14.09.21)

## 1-19 ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ച പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം ( ചട്ടം 3 പ്രകാരം ) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ഉചിതമെന്ന് കരുതുന്ന പക്ഷം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം. 01/08.09.21)

## 1-20 പെരുമ്പിലാവ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ - മരുന്ന മുഴുവനായി ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ. ഹോമിയോ
പ്രോജക്ട് നം. : 8/21

ബിൽ നം / തിയതി : 1/20-21 / 9.9.20

തുക : 250000 (മെയിന്റനൻസ് ഗ്രാന്റ്നോൺ റോഡ്)

വൗച്ചർ നം : 22000904/27.8.20

പെരുമ്പിലാവ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ - ഓപ്പറേറ്റീവ് ഫാർമസിയുടെ പ്രൊഫോർമ ഇൻവോയ്സിന്റെ ( PF-75/9.6.20) അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരമുള്ള തുക സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 96940രൂപയുടെ ( ഇൻവോയ്സ് നം LF 290/21.3.21) മരുന്നുകൾ മാത്രമാണ് ലഭ്യമായത്. നല്കിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 സാമൂഹ്യ സുരക്ഷ പെൻഷനുകൾ -മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം - സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളു. ഇതൊഴിവാക്കുന്നതിനായി സ.ഉ. (എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യ വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ

ഗ്രാമപഞ്ചായത്തിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം .20/13.9.20) നിലവിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല എന്ന മറപടിയാണ് ലഭ്യമാക്കിയത്. സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 സമ്പൂർണ്ണ ഭവന പദ്ധതി - വായ്പ

കടവല്ലൂർ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം മുതൽ നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ഭവന പദ്ധതി എന്ന പദ്ധതിയുടെ നടത്തിപ്പിനായി കടവല്ലൂർ സർവീസ് സഹകരണ ബാങ്കിൽ നിന്നും രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട് (ഉത്തരവ് നം 202/DB1/15/LSGD/dt. 1.10.2013) ഓരോ വർഷവും വരവ് വെയ്ക്കുന്ന ലോൺ തുകയും പലിശ സഹിതമുള്ള തിരിച്ചടവും, ബാങ്ക് പാസ്സ് ബുക്ക്, ബാങ്കിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുകൾ, ലോൺ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 5 ൽ പലിശയുടെ വിവരം ഉൾപ്പെടുത്തി കാണുന്നില്ല.

2. 2017-18 - ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 5 പ്രകാരം തിരിച്ചടയ്ക്കാൻ 1,43,00,000രൂപയാണ് എന്നാൽ ബാങ്ക് പാസ്സ് ബുക്ക്, ബാങ്കിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുകൾ, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം ഇത് 1,40,00,000 രൂപയാണ്.

3.വാർഷിക കണക്കിൽ Secured Loan From Co Op. Bank ( 330500102) എന്ന ഷെഡ്യൂൾ പ്രകാരം 17-18ൽ 63,20,000രൂപ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരവും ലോൺ രജിസ്റ്റർ പ്രകാരവും 60,20,000രൂപയാണ് വരവ്

4. 2018-19- ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 5 പ്രകാരം തിരിച്ചടയ്ക്കാൻ 1,28,81,926 രൂപയാണ് പാസ്സ് ബുക്ക്, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം ഇത് 12580000 രൂപയാണ്

5. ബാങ്കിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.20ൽ പലിശ നീക്കിയിരിപ്പ് 2181926രൂപയാണ്. തൻവർഷം പലിശ അടവാക്കിയിട്ടില്ല. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം പലിശ അടവാക്കിയതായി കാണിച്ചിട്ടുണ്ട്. ആയത് കുറവ് ചെയ്ത തുകയാണ് (1681926) രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

6. 2019-20- ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 5 പ്രകാരം തിരിച്ചടയ്ക്കാൻ ഉള്ളത് 12881926രൂപയാണ് പാസ്സ് ബുക്ക്, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം ഇത് 10700000 രൂപയാണ് വാർഷിക കണക്കിൽ പലിശ കൂടി ഉൾപ്പെട്ട തുകയാണോ ഇത് എന്ന് വ്യക്തമല്ല. ലോൺ രജിസ്റ്റർ പ്രകാരമുള്ള പലിശ കുടിശ്ശിക 1681926 രൂപയാണ്.

ലോൺ രജിസ്റ്റർ, പാസ്സ് ബുക്ക് എന്നിവ പ്രകാരം 120000 രൂപ വരവുണ്ട് വാർഷിക കണക്കിൽ Secured Loan From Co Op. Bank (330500102) എന്ന ഷെഡ്യൂളിൽ ഈ തുക ഉൾപ്പെട്ടു കാണുന്നില്ല.

7.2020-21- ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 5 പ്രകാരം തിരിച്ചടയ്ക്കാൻ ഉള്ളത് 8240000രൂപയാണ് പാസ്സ് ബുക്ക്, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം ഇത് 8740000 രൂപയാണ് വാർഷിക കണക്കിൽ പലിശ കൂടി ഉൾപ്പെട്ട തുകയാണോ ഇത് എന്ന് വ്യക്തമല്ല. ലോൺ രജിസ്റ്റർ പ്രകാരമുള്ള പലിശ കുടിശ്ശിക 527845 രൂപയാണ്.
മേൽ അപാകതകൾ ചൂണ്ടി കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (49/17.9.20) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-23 മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് /ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മരുന്ന് /ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നം /ചെക്ക് നം/വൗച്ചർ നം | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 53/21<br>വയോജനങ്ങൾക്ക് ജീവിതശൈലി രോഗ നിയന്ത്രണം | PRF 6529/23.3.21 | 22/21/27.3.21<br>(Vr. 22001361) | 109999 | |
| 2 | 51/21<br>പെരുമ്പിലാവ് പി എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | PRF 5661/23.2.21<br>PRF 2134/4.11.19 | 1)29/20-21/27.3.21<br>(Vr. 22001355/5.3.21)<br>2) 4/20-21 /29.5.20<br>(Vr. 22000829/22.5.21) | 425169<br>374831 | |
| 3 | 55/21<br>പരിരക്ഷ-സാന്ത്വന പരിചരണം | 1)PRF 5466/17.2.21<br>2)PRF 4555/20.1.21 | 1818714/16.3.21<br>(Vr. 22001234 /16.3.21)<br>1818712/5.3.21 | 49338<br>100627 | |

| | | | | | |
|---|---|---|---|---|---|
| | | | (Vr. 22001200 /5.3.21) | | |
| 4 | 152/21 വയോജനങ്ങൾക്ക് ജീവിതശൈലി രോഗ നിയന്ത്രണം | PRF 4547/13.2.20 | 1/20-21/21.4.20 (Vr. 22000781 /12.4.20) | 1,10,000 | |

മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം . 48/17.9.21)

## 1-24 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കായിട്ടില്ല

| ക്രമ നം | പദ്ധതി നം /പേര് | അടങ്കൽ / ഫണ്ട് | ആകെ ചെലവ് | ഹാജരാക്കാത്ത രേഖകളുടെ ചെലവ് തുക |
|---|---|---|---|---|
| 1 | 133/21 കോവിഡ് ബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ | 225000 തനത് ഫണ്ട് | 224992 | 48510 |
| 2 | 52/21 ദേശീയ ആരോഗ്യ പരിപാടിയ്ക്ക് വാഹന വാടക ലഭ്യമാക്കൽ | 50000 തനത് ഫണ്ട് | 45900 | 17100 |
| | ആകെ | | | 65610 |

ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം . 48/17.9.21) നൽകിയെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാൽ 65610 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-25 നിയമന ഉത്തരവുകളോ തീരുമാനങ്ങളോ ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ പേര്-ആർദ്രം പദ്ധതി ഡോക്ടർ ആന്റ് നേഴ്സ് പാരാമെഡിക്കൽ ജീവനക്കാർ വേതനം ലഭ്യമാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി എച്ച് സി
പ്രോജക്ട് നം - 56/21

ഫണ്ട് - വികസന ഫണ്ട്, തനത് ഫണ്ട്.

പദ്ധതി പ്രകാരം ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവരെ നിയമിച്ച് വേതനം അനുവദിച്ചിട്ടുണ്ട്. ഡോക്ടർക്ക് 51300രൂപ നിരക്കിലും,നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് 17000 രൂപ നിരക്കിലുമാണ് വേതനം അനുവദിച്ചത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം /വൗച്ചർ നം /തിയതി | തുക |
|---|---|
| 22001096/8.1.21 | 34000 |
| 22000811/5.5.20 | 102300 |
| 22000927/9.11.20 | 162934 |
| 22000832/30.5.20 | 102300 |
| 22000890/10.6.20 | 102300 |
| 22000906/27.8.20 | 102300 |
| 22000854/13.7.20 | 119300 |
| 094841/18.2.21 | 119300 |
| 2338849/3.3.21 | 119300 |
| 2338849/3.3.21 | 85300 |
| 2338849/3.3.21 | 119300 |
| 094863/30.3.21 | 119300 |
| ആകെ | 1287934 |

മേൽ പ്രകാരമുള്ള നിയമനം നൽകി വേതനം അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവുകളോ തീരുമാനങ്ങളോ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 48/17.9.21) നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് ചെയ്ത 1287934/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 ചെലവ് രേഖകളുടെ അഭാവം - തുക തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ , പി എച്ച് സി നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I. പെരുമ്പിലാവ് പി എച്ച് സി യിലേക്ക് റാക്ക് ആന്റ് ഷെൽഫ് വാങ്ങൽ

പ്രോജക്റ്റ് നം - 123/21

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

ബിൽ നം 27/20-21/27.3.21 തുക 150000 (വൗച്ചർ നം 22001362 /26.3.21)

പി എച്ച് സി യിലേക്ക് റാക്ക് ആന്റ് ഷെൽഫ് എന്നിവ നിർമ്മിച്ച് നൽകിയ വകയിൽ ARTCO Ltd. നാണ് മേൽ പ്രകാരം തുക കൈമാറിയിരിക്കുന്നത്. ആർട്കോയുമായി കരാറിലേർപ്പെട്ടിട്ടില്ല. സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രവും സ്ഥാപനം ഹാജരാക്കിയിട്ടില്ല.

II. പി എച്ച് സി ലാബിലേക്ക് റീ ഏജന്റ് വാങ്ങൽ

പ്രോജക്റ്റ് നം - 286/21

ഫണ്ട് - തനത് ഫണ്ട്

ചെക്ക് നം . 200306/30.3.21 തുക 35851

പദ്ധതി പ്രകാരം Venus Scientific തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. (ഇൻവോയ്സ് നം . VB 1953/20-21/25.3.21)

- വാങ്ങലിന് ക്വട്ടേഷൻ / ടെണ്ടർ നടപടികൾ സ്വീകരിച്ച് കാണുന്നില്ല.

- സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

III. പി എച്ച് സി സബ്സെന്റർ ഫർണ്ണിച്ചർ വാങ്ങൽ

പ്രോജക്റ്റ് നം - 124/21

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

ബിൽ നം 28/20-21/23.1.21 തുക 150000 (വൗച്ചർ നം 22000806 /12.4.20)

പി എച്ച് സി സബ്സെന്ററിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിന് ARTCO Ltd. ന് മേൽ പ്രകാരം തുക കൈമാറിയിട്ടുണ്ട്. ആർട്കോ യുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. ഫർണ്ണിച്ചറുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക്, വിതരണവിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.
മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (48/17.9.21) നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ചെലവു രേഖകളുടെ അഭാവത്തിൽ 335851 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-27 ജീവിതശൈലി രോഗനിയന്ത്രണം - ലൈഫ് സ്റ്റൈൽ ഫിറ്റ്നസ്സ് മെഷീൻ വാങ്ങിക്കൽ

പ്രോജക്റ്റ് നം - 169/20

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

ബിൽ നം 2/20-21/21.4.20 തുക 166400 (വൗച്ചർ നം 22000807 /12.4.20)

2019-20 വർഷത്തിൽ അംഗീകാരം ലഭിച്ച ഈ പദ്ധതി 20-21ൽ ആണ് സ്പിൽ ഓവർ ആയി നടപ്പിലാക്കിയത്. ടെണ്ടർ നടപടികൾ 20-21 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം ബോഡി ഫിറ്റ്നസ്സ് സൊല്യൂഷൻസ്, തിരുവനന്തപുരം (ഇൻവോയ്സ് നം 424/16.3.20) എന്ന സ്ഥാപനത്തിൽ നിന്നാണ് മെഷീനുകൾ വാങ്ങിയിരിക്കുന്നത്. വാങ്ങിയ മെഷിനറികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. AC Motorized Treadmill

2.Upright Bike

3. Elliptical Cross Trainer

4. Home Gym

5. Standing Twister

6.AB Exerciser

7. Rubber Covered Hexagonal Dumbbells

പദ്ധതി നടത്തിപ്പിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. 3.3.2020 ൽ സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ കരാറിൽ മെഷീനുകളുടെ വാറന്റി /ഗാരന്റി സംബന്ധിച്ച് ഒന്നുംതന്നെ സൂചിപ്പിച്ചിട്ടില്ല.

2. ടെണ്ടർ അംഗീകരിച്ചത് പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള മെഷീനുകൾ തന്നെയാണ് സപ്ലൈ ചെയ്തിരിക്കുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

3. മേൽ പ്രകാരമുള്ള വാങ്ങലിന് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമോ, പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ ലഭ്യമാക്കിയിട്ടില്ല.

4. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

നിലവിൽ മെഷീനുകൾ സ്ഥാപിച്ചിരിക്കുന്നത് എവിടെയാണെന്നതിനും, പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കൾ ആരാണ് എന്നതിനും ഇത് സംബന്ധിച്ച് എന്തെങ്കിലും രേഖകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും, പദ്ധതിയുടെ തുടർനടത്തിപ്പ് ചുമതല ആർക്കാണ് എന്നതും, നടത്തിപ്പിനായി പ്രത്യേകം ഇൻസ്ട്രക്ടറെ നിയമിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി എൻക്വയറി (എൻക്വയറി നം 48/17.9.21) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

മേൽ കാര്യങ്ങളിൽ വ്യക്തത ഇല്ലാത്ത സാഹചര്യത്തിൽ പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. അതിനാൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. അപാകതകളുടെ വെളിച്ചത്തിൽ ചെലവു തുക 166400/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 മഴക്കാല പൂർവ്വ ശുചീകരണം മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനായി മെഡിക്കൽ ഓഫീസർ പി.എച്ച്.സി.യ്ക്ക് 2020-21 വർഷത്തിൽ 22000116/ 31.5.20 നമ്പർ വൗച്ചർ പ്രകാരം100000 രൂപ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവു തുക 100000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 അങ്കണടികളുടെ പ്രവർത്തനം - അവലോകനം.

കടവല്ലൂർ പഞ്ചായത്തിൽ നിലവിൽ മുപ്പത്തിനാല് അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 548 കുട്ടികളുമുണ്ട് (ബയോമെട്രിക്ക് ഐഡന്റിഫിക്കേഷൻ പ്രകാരം) ആയതിൽ സ്വന്തമായി കെട്ടിടമുള്ളത് മുപ്പതെണ്ണത്തിനാണ്, വാടക കെട്ടിടത്തിൽ രണ്ടെണ്ണം പ്രവർത്തിക്കുന്നു. ഓരോന്ന് വീതം, ക്ലബ്ബിന്റെ കെട്ടിടത്തിലും, സ്വകാര്യ വ്യക്തിയുടെ സ്ഥലത്തും പ്രവർത്തിക്കുന്നു. പതിനാലെണ്ണത്തിന് ചുറ്റുമതിലുള്ളപ്പോൾ എല്ലായിടത്തും ധാന്യസംഭരണിയും, ശൗച്യാലയങ്ങളും എൽ.പി.ജി.കണക്ഷനും, വാട്ടർ കണക്ഷനുമുണ്ട്.

പോഷകാഹാരവിതരണം ഫലപ്രദമാണെന്ന് വിലയിരുത്തുന്നതിനായി എല്ലായിടത്തും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങൾ കൂടാറുണ്ടെന്നത് സ്വാഗതാർഹമാണെങ്കിലും ബേബി ഫ്രണ്ടിലിയായ ഒരെണ്ണം പോലുമില്ലെന്നത് പോരായ്മയാണ്. പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും പ്രദാനം ചെയ്ത് ബാല സൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്റ്റുകൾക്ക് പ്രാധാന്യം നൽകണം.

## 1-30 പകൽ വീട്ടിലേക്ക് സാധനങ്ങൾ വാങ്ങൽ പദ്ധതി -മാർഗ്ഗരേഖാ വിരുദ്ധം .

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർവൈസർ
പദ്ധതി നമ്പർ 182/20-21,
പദ്ധതിയുടെ പേര് – പകൽ വീട്ടിലേക്ക് ടെലിവിഷൻ, ഫർണീച്ചർ, പാത്രങ്ങൾ എന്നിവ വാങ്ങൽ,
അടങ്കൽ 2,10,000 രൂപ
ചെലവ് 1,68,325 രൂപ, ട്രഷറി ബിൽ നമ്പർ 12/17-2-21,13/22-2-21
പദ്ധതി ഫയൽ പരിശോധിച്ചതിൽ പകൽ വീടിന്റെ പണി പൂർത്തിയായിട്ടുണ്ടെങ്കിലും അടിസ്ഥാന ഭൗതിക സൗകര്യങ്ങളായ വൈദ്യുതി, വെള്ളം എന്നിവ ലഭ്യമായിട്ടില്ലെന്ന് കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം (എൻക്വയറി നമ്പർ 18 ) പകൽ വീട് പ്രവർത്തനം തുടങ്ങിയിട്ടില്ലാത്തതാണ്. കൂടാതെ കോവിഡിന്റെ സാഹചര്യത്തിൽ പ്രവർത്തനം തുടങ്ങുന്നതിൽ അനിശ്ചിതത്വം നിലനിൽക്കുന്നുണ്ട്. പദ്ധതി പ്രകാരം വങ്ങിയ സാധനങ്ങൾ ഇപ്പോൾ പകൽ വീട്ടിൽ തന്നെയാണ് സൂക്ഷിച്ചിട്ടുള്ളത് .

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 11/18ത.സ്വ.ഭ.വ. തിയ്യതി 29.1.18, 6.5.6 പ്രകാരം പകൽ വീട് ആരംഭിക്കുന്നതിനായി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായി പ്രവർത്തന ക്ഷമമാക്കിയതിന് ശേഷം ആവശ്യമുണ്ടെങ്കിൽ മാത്രമേ ഇതിനായി പുതിയ പ്രോജക്റ്റുകൾ ഏറ്റെടുക്കാൻ പാടുള്ളൂ. മാർഗ്ഗ രേഖാ വിരുദ്ധമായി പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സ്ഥാപനത്തിൽ ടെലിവിഷൻ മുതലായ ഇലക്ട്രോണിക്ക് സാധനങ്ങൾ തിടുക്കത്തിൽ വാങ്ങിയത് മൂലം ടി ഉപകരണങ്ങളുടെ ഗുണമേന്മോത്തരവാദിത്ത കാലാവധി കാലഹരണപ്പെട്ട സ്ഥിതിയിലാണ്. ഭാവിയിൽ മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. അപാകതകളുടെ വെളിച്ചത്തിൽ 168325/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 വീട് വാസയോഗ്യമാക്കൽ -വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ
പദ്ധതി നമ്പർ – 44/20-21,
പദ്ധതി – വീട് വാസയോഗ്യമാക്കൽ വനിത (എസ്സ്. സി ),
അടങ്കൽ 24,00,000 രൂപ,
ചെലവ് 1,20,000 രൂപ,
ട്രഷറി ബിൽ നമ്പർ 32/12-3-21,33/12-3-21 2 )
പദ്ധതി നമ്പർ 45/20-21,
പദ്ധതി –വീട് വാസയോഗ്യമാക്കൽ വനിത (ജനറൽ)
അടങ്കൽ 6,00,000 രൂപ,
ചെലവ് 75,000 രൂപ, ട്രഷറി ബിൽ നമ്പർ 45/27-1-21
മേൽ പദ്ധതികൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി യഥാക്രമം 1,20,000 രൂപ, 75,000 രൂപ ചെലവഴിച്ച് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ 11/18/ത.സ്വ.ഭ.വ.ഖണ്ഡിക6.3 പ്രകാരം ടി. പദ്ധതികൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി

നടത്താവുന്നവയല്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ17ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഈ പദ്ധതികൾ നടപ്പാക്കിയതിന്റെ ഗുണം പുരുഷൻമാർക്ക് ലഭ്യമായിട്ടില്ലെന്നാണ് അറിയിച്ചത്. ഈ വിശദീകരണം തൃപ്തികരമല്ല. മാർഗ്ഗരേഖക്ക് വിരുദ്ധമായി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ചെലവഴിച്ചതിനാൽ, വനിതാ ഘടക പദ്ധതിയിൽ ന്യായമായും ഉൾപ്പെടുത്തി നടപ്പാക്കേണ്ട പദ്ധതികൾ നടപ്പാക്കാതെയിരിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ മാർഗ്ഗരേഖക്ക് വിരുദ്ധമായി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ രൂപീകരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. അപാകതകളുടെ വെളിച്ചത്തിൽ ചെലവു തുക 195000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 സമ്പൂർണ്ണ ഭവന പദ്ധതി - വിവരങ്ങൾ കൃത്യമല്ല.

കടവല്ലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും സംപൂർണ്ണ ഭവന പദ്ധതിക്ക് വേണ്ടി എടുത്തിട്ടുള്ള വായ്പ്പയുടെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ -10042 ) നിന്നും 20-21 വർഷത്തിൽ 40,000 രൂപ പിൻവലിച്ച് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്

| നം. | പേര് | ചെക്ക് നം/തിയ്യതി | തുക |
|---|---|---|---|
| 1 | ഷെറീന | 84365/27-1-21 | 20,000 |
| 2 | സരോജിനി | 84366/18-3-21 | 20,000 |
| | | ആകെ | 40,000 |

എന്നാൽ ടി വർഷങ്ങളിൽ വി.ഇ.ഓ. നടപ്പാക്കുന്നതിനായി ആസൂത്രണം ചെയ്ത മേൽപദ്ധതികളുടെ (പദ്ധതി നമ്പർ196/20-21) സുലേഖ പത്രിക പ്രകാരം 80,20,000 രൂപ വകയിരുത്തിയിട്ടുള്ളതായും, എന്നാൽ ചെലവ് ശൂന്യമാണെന്നും കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം വായ്പ്പ അനുവദിച്ച ബാങ്കിന് ഐ.എഫ്.സി കോഡ് ഇല്ലാത്തതിനാൽ ഗുണഭോക്താവിനെ സാംഖ്യയിൽ രജിസ്റ്റർ ചെയ്യാനോ പ്രൊജക്റ്റ് മാപ്പ് ചെയ്യാനോ സാധിക്കാത്തതിനാലാണ് ഇത്തരത്തിൽ അപാകത സംഭവിച്ചതെന്നാണ് .

ഈ മറുപടി തൃപ്തികരമല്ല, പ്രത്യേകിച്ചും ടി വായ്പ്പയുടെ മുതലിലേക്കും, പലിശയിനത്തിലേക്കുമായി തനത് ഫണ്ടിൽ നിന്നും വർഷം തോറും 25 ലക്ഷം രൂപ അടവാക്കുന്നതിനാൽ വായ്പ്പയുടെ ബാദ്ധ്യത പഞ്ചായത്തിന് തന്നെയാണ്. ആയതിനാൽ വായ്പ്പാ വിതരണ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തപ്പെടേണ്ടതായുണ്ട്. അതിനാവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതാണ്.

## 1-33 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ -വിനിയോഗ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ വിവിധഏജൻസികൾക്കും,ജില്ലപഞ്ചായത്ത്,ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് എന്നിവക്കുംകൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ/പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് | ഫണ്ട് | ട്രഷറി ബിൽ നം/തുക | വൗച്ചർ നം/തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | S0003/21 ഐ.കെ.എം വിഹിതം അടവാക്കൽ | വികസനഫണ്ട് | 6/18-5-20 109050 | 22000824/ 18-5-20 | എെ.കെ.എം പഞ്ചായത്ത് വിഹിതം |
| 2 | So24/21എസ്എസ്കെ വിഹിതം | വികസനഫണ്ട് | 7/8-7-20 611350 | 22000849/ 8-7-20 | SSK പഞ്ചായത്ത് വിഹിതം - |
| 3 | SO42/21ക്യാൻ തൃശ്ശൂർ - | വികസനഫണ്ട് | 41/5-3-21 80000 | 22001307/ 5-3-21 | സംയുക്ത പ്രോജക്റ്റ് വിഹിതം ജില്ലാപഞ്ചായത്ത് |
| 4 | SO 98/21 പാറപ്പുറംകടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22/10-11-20 157000 5/15-5-20 43000 | 22000931/10-11-20 22000820/ 14-5-20 | ഡെപ്പോസിറ്റ് വർക്ക് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-34 15ാം ധനകാര്യകമ്മീഷൻ ഗ്രാൻറ് ടൈഡ്ഫണ്ട് വിനിയോഗ മാർഗ്ഗരേഖ പ്രകാരമല്ലാതെ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കിയത്

പ്രോജക്റ്റ് S262/21കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ

ഫണ്ട്-15ാം ധനകാര്യകമ്മീഷൻഗ്രാൻറ് ടൈഡ്ഫണ്ട്

അടങ്കൽ -1075000

ചെലവ് -1074504

സ.ഉ (കൈ) നം 103/2020/ത.സ്വ.ഭ.വ./ തീയതി. 30-6-2020 ഖണ്ഡിക, 5-3 (ബി) പ്രകാരം പഞ്ചായത്തുകൾക്ക് കുടിവെള്ള പ്രോജക്ടുകൾ മഴവെള്ളകൊയ്ത്ത്, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം എന്നീ ആസ്തി സൃഷ്ടിക്കൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. എന്നാൽ റവന്യൂചെലവായ വെള്ളക്കരം അടവാക്കൽ മുതലായവക്ക് 15ാംധനകാര്യകമ്മീഷൻഗ്രാൻറ്-ടൈഡ്ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. എന്നാൽ മേൽപദ്ധതി പ്രകാരം ടൈഡ്ഫണ്ടിനത്തിൽ ലഭിച്ച1074504രൂപ കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കാനായി ഉപയോഗിച്ചിട്ടുണ്ട്. (307 പൊതുടാപ്പുകളുടെ 2020ആഗസ്ററ് മുതൽ 2020 മാർച്ച് വരെയുള്ള വെള്ളക്കരം-134313 രൂപ നിരക്കിൽ 8 മാസത്തേക്ക് ) വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | ട്രഷറിബിൽ നം. | വൗച്ചർനം. | തുക |
|---|---|---|---|
| 1 | 9/24/8/2020 | 22000880/24/8/20 | 134313 |
| 2 | 12/22/9/20 | 22000910/22/9/20 | 134313 |
| 3 | 13/21/10/20 | 22000901/21/10/2020 | 134313 |
| 4 | 30/20/11/20 | 22000934/20/11/20 | 134313 |
| 5 | 31/22/12/20 | 22001089/22/12/20 | 134313 |
| 6 | 34/21/1/21 | 22001119/21/1/21 | 134313 |
| 7 | 37/18/2/21 | 22001290/18/2/21 | 134313 |
| 8 | 42/15/3/21 | 22001311/15/3/21 | 134313 |
| ആകെ | | | 1074504 |

15ാം ധനകാര്യകമ്മീഷൻഗ്രാൻറ് ടൈഡ്ഫണ്ട് വിനിയോഗ മാർഗ്ഗരേഖ പ്രകാരമല്ലാതെ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം15/13.09.2021) മറുപടിയായി, സ.ഉ( കൈ) നം 103/2020/ത.സ്വ.ഭ.വ./ തീയതി. 30-6-2020 ഖണ്ഡിക, 5-3 (ബി)പ്രകാരം ടൈഡ്ഫണ്ട് റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കാവുന്നതല്ല എന്നത് സംബന്ധിച്ച് പ്രത്യേകം പരാമർശിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിഷയത്തിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-35 പ്രത്യേക ഉദ്ദേശ്യഗ്രാന്റ് വിനിയോഗിച്ച് കുടിവെള്ള വിതരണം നടത്തിയത്

പ്രോജക്റ്റ് S261/21 വരൾച്ച കുടിവെള്ള വിതരണം ബാക്കി നൽകൽ

ഫണ്ട്-15ാം ധനകാര്യകമ്മീഷൻഗ്രാൻറ് (ടൈഡ്ഫണ്ട് )

അടങ്കൽ -419000

ചെലവ് - 406866

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ട്രഷറി ബിൽ - 21/10-11-2020 വൗച്ചർനം-22000920/6-11-20

സ.ഉ (കൈ) നം 103/2020/ത.സ്വ.ഭ.വ./ തീയതി. 30-6-2020 ഖണ്ഡിക, 5-3 (ബി) പ്രകാരം പഞ്ചായത്തുകൾക്ക് കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ളകൊയ്ത്ത്, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം എന്നീ ആസ്തി സൃഷ്ടിക്കൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. എന്നാൽകുടിവെള്ള വിതരണ പ്രവൃത്തികൾക്ക് 15ാം ധനകാര്യകമ്മീഷൻഗ്രാൻറ്-ടൈഡ്ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 13-5-2020 മുതൽ 13-6-20വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണം നടത്തിയതിന് കരാറുകാരനായ ശ്രീ.രഞ്ജിത്തിന് 394660 രൂപ നൽകിയിട്ടുണ്ട്. (ആകെ ചെലവ് - 406866, നികുതികൾ 12206 കുറവുചെയ്ത്). 15ാം ധനകാര്യകമ്മീഷൻഗ്രാൻറ് ടൈഡ്ഫണ്ട് വിനിയോഗ മാർഗ്ഗരേഖ പ്രകാരമല്ലാതെ വരൾച്ച കുടിവെള്ള വിതരണം പദ്ധതിക്ക് തുക ചെലവ് ചെയ്തത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.41/16/9/21) മറുപടിയായി, സ.ഉ(കൈ) നം 103/2020/ത.സ്വ.ഭ.വ./ തീയതി. 30-6-2020 ഖണ്ഡിക, 5-3 (ബി)പ്രകാരം ടൈഡ്ഫണ്ട് റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കാവുന്നതല്ല എന്നത് സംബന്ധിച്ച് പ്രത്യേകം പരാമർശിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിഷയത്തിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-36 പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടുണ്ടെങ്കിൽ ഭരണസമിതി തീരുമാനം സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 272 എ (1) വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പ്രസ്തുത നിയമത്തിലെ 272 എ (2) വകുപ്പ് പ്രകാരം പൗരാവകാശരേഖ വർഷത്തിൽ ഒരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, പഞ്ചായത്ത് ചർച്ച ചെയ്ത് വേണം പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കാൻ. 2020-21 വർഷത്തിൽ ഇപ്രകാരം പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടുണ്ടെങ്കിൽ വിവരം (ഭരണസമിതി തീരുമാനം സഹിതം) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 2/08.09.21) പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്ന

മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഭരണസമിതി തീരുമാനം ലഭ്യമാക്കുകയുണ്ടായില്ല. ഓഡിറ്റ് വർഷത്തിലും, മുൻവർഷത്തിലുമായി ISO സർട്ടിഫിക്കേഷന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത്, അതിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളതാണ്. എന്നാൽ പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ച ഭരണസമിതി തീരുമാനം ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് പുതുക്കുന്നതിന് മുൻപും, ശേഷവും പഞ്ചായത്ത് നൽകുന്ന സേവനങ്ങളിലെ സമയദൈർഘ്യം ISO സർട്ടിഫിക്കേഷന്റെ ഭാഗമായി മെച്ചപ്പെട്ടിട്ടുണ്ടോ എന്ന താരതമ്യം സാധ്യമായില്ല. അതുകൊണ്ടുതന്നെ ഓഡിറ്റ് വർഷം പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കുന്നതോടൊപ്പം, പുതുക്കിയ പൗരാവകാശരേഖ പഞ്ചായത്ത് നൽകുന്ന സേവനങ്ങളിലെ സമയദൈർഘ്യത്തെ എപ്രകാരമാണ് സ്വാധീനിച്ചിട്ടുള്ളത് എന്ന് (തൊട്ട് മുൻവർഷത്തെ അപേക്ഷിച്ച്) താരതമ്യപ്പെടുത്തി വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

## 1-37 അസറ്റ് മാനേജ്മെന്റ് മാന്വൽ - നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2020-21 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 24 തീ. 14.09.21) നൽകിയിരുന്നെങ്കിലും എഞ്ചിനീയർ (സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല) മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ലഭ്യമാക്കിയ മറുപടി പ്രകാരം ഉന്നയിക്കപ്പെട്ട ആദ്യ മൂന്ന് ചോദ്യങ്ങൾക്കും "അറിയില്ല" എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(Ii) 26.05.20 ലെ ഭരണസമിതി തീരുമാനം 4താഴെ ചേർക്കുന്നു.

" കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ 15 വർഷമായി കരിക്കാട് വില്ലേജ് 417 സർവ്വേ നമ്പറിൽ.0028 ഹെക്ടർ പുറമ്പോക്ക് സ്ഥലത്ത് കരിക്കാട് അങ്കവാടി പ്രവർത്തിച്ച് വരുന്നു. ആ പ്രദേശത്തുള്ള സാധുക്കളായ കുട്ടികൾക്ക് പ്രീ പ്രൈമറി വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് മറ്റ സ്ഥലങ്ങൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത സ്ഥലത്ത് അങ്കണവാടി അനിവാര്യമാണ്. ആയത് കൊണ്ട് പൊതുജനങ്ങളുടെ താൽപ്പര്യവും ക്ഷേമവും പരിഗണിച്ച് കൊണ്ട് ടി സ്ഥലത്തിന് പട്ടയം ലഭ്യമാക്കുന്നതിന് തഹസിൽദാർ (ഭൂരേഖ)കുന്നംകുളത്തിനോട് അപേക്ഷിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം ഐകകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു."തുടർവിവരം ലഭ്യമല്ല. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-38 വ്യക്തമായ അസറ്റ് മാനേജ്മെന്റ് പ്ളാനിന്റെ അഭാവം - പദ്ധതികൾ ലക്ഷ്യം നേടാതെ അവസാനിക്കുന്നു.

ഗ്രാമ പഞ്ചായത്ത് 2020-21 ൽ ഫൈനൽ ബിൽ നൽകിയ പകൽവീട് നിർമ്മാണം എന്ന പ്രോജക്ടിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 156/19, 229/20, 209/21 |
| പ്രൊജക്ട് | പകൽവീട് നിർമ്മാണം |
| സാങ്കേതികാനുമതി | 48810/2018-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/87294 Dtd. 19.06.18 |
| സാങ്കേതികാനുമതി തുക | 24,98,400 രൂപ |
| കരാറുകാരൻ | ശ്രീ. എ.ബി.ബിനീഷ് |

| | |
|---|---|
| കരാർ നിരക്ക് | 23,44,029.28 രൂപ |
| കരാർ ഉടമ്പടി | 64/AE/LSGD/KDR/18-19 Dtd. 29.11.18 |
| എം.ബുക്ക് | 9/17-18, 14/17-18, 64/17-18, 67/19-20 |
| ചെക്ക് നമ്പർ, തുക | KSCB- 85968/20.11.19 = 7,73,563 (തനത് ഫണ്ട്)<br>KSCB- 094552/14.08.20 = 1,44,607( തനത് ഫണ്ട് - റിടെൻഷൻ തുക) |
| വൗച്ചർ നമ്പർ, തുക | 21901395/20.11.19 = 196268 ( DF G)<br>22000895/10.08.20 = 154238 (DF G) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 23,27,676 |
| (-) ആദ്യ പാർട്ട് ബിൽ | 12,03,607 |
| (-) രണ്ടാം പാർട്ട് ബിൽ | 9,69,831 |
| ബാക്കി | 154238 |
| (-) ആദായനികുതി 0.75% | 1157 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 1542 |
| (-) CGST 1% | 1542 |
| (-) SGST 1% | 1542 |
| കരാറുകാരന് നൽകിയത് | 148455 |

2018-19 ൽ, വയോജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി എന്ന് കാണിച്ച് വാർഡ് 4 ൽ ആയുർവേദാശുപത്രിക്കും, മൃഗാശുപത്രിക്കും ഇടയിൽ ഉള്ള സ്ഥലത്ത് ആണ് ഈ കെട്ടിടനിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആകെ 124.6 ച.മീ വിസ്തീർണ്ണത്തിൽ ഒരു RCC കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. ടെണ്ടർ ചെയ്ത പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കരാറുകാരൻ ശ്രീ. എ.ബി.ബിനീഷ് 23,27,676 രൂപ മൂല്യത്തിനാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

എന്നാൽ ഇലക്ട്രിഫിക്കേഷന് ഈ നിർമ്മാണ പ്രവർത്തനത്തിൽ തുക വകയിരുത്തിയിട്ടുണ്ടായിരുന്നില്ല. ഇത് സംബന്ധിച്ച് ഉന്നയിച്ച ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം. 11/13.09.21) ലഭ്യമാക്കിയ മറുപടിയിൽ ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. വയോജനക്ഷേമം മുൻനിർത്തി ഈ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനായി പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും ഓഡിറ്റ് എൻക്വയറിയിലൂടെ (എൻക്വയറി നം. 11/13.09.21) ആരാഞ്ഞിരുന്നു. എന്നാൽ എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ അറിയില്ല എന്നാണ് അറിയിച്ചത്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുമില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം വയോജനക്ഷേമം മുൻ നിർത്തി ഇപ്രകാരം ഒരു പ്രവർത്തനം ഏറ്റെടുക്കേണ്ടത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിലോ, പൊതുവായ ചുമതലയിലോ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിലോ ഉൾപ്പെട്ടിട്ടുള്ളതല്ല. 2007 ലെ The Maintenance And Welfare Of Parents And Senior Citizens Act (കേന്ദ്രനിയമം) ലെ സെക്ഷൻ 19 പ്രകാരം Old Age Homes ന്റെ Establishment ഉം Maintenance ഉം, അവിടങ്ങളിൽ നൽകേണ്ട സേവനങ്ങളുടെ Standards നിശ്ചയിക്കുക എന്നുള്ളതും സംസ്ഥാന സർക്കാരുകളുടെ ചുമതലയിൽപ്പെട്ട വിഷയവുമാണ്.

വസ്തുതകൾ ഇപ്രകാരമായിട്ടും ഒരു തദ്ദേശസ്വയംഭരണസ്ഥാപനം എന്ന രീതിയിൽ പഞ്ചായത്ത് വിഭാവനം ചെയ്ത വയോജനക്ഷേമം എന്ന ആശയം കെട്ടിടത്തെ ഉപയോഗപ്പെടുത്തി സാക്ഷാത്കരിക്കുന്നതിലേക്കാവശ്യമായ തുടർപ്രവർത്തനം സംഘടിപ്പിക്കുന്നതിന് പഞ്ചായത്തിന് നാളിതുവരെ സാധിച്ചിട്ടില്ല. ഈ വിഷയം പഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ തുടർപ്രവർത്തനം ഉണ്ടാകും എന്നാണ് അറിയിച്ചിട്ടുള്ളത്.

പദ്ധതികൾ ഇപ്രകാരം ലക്ഷ്യം നേടാതെ പോകുന്നത് ഒഴിവാക്കാൻ അസറ്റ് മാനേജ്മെന്റ് മാന്വൽ വ്യവസ്ഥകൾ പ്രകാരം കൃത്യമായ അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാൻ തുടർ നടപടി ഉണ്ടാകേണ്ടതുണ്ട്.

## 1-39 മരാമത്ത് പണികൾ - പൊതുഅപാകതകൾ - സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യൂഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യൂഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യൂഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ല്യൂഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ

പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു.

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.09/13.09.21 )

## 1-40 മരാമത്ത് പണികൾ - മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയോ, ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുകയോ ചെയ്തില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ

ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

4) പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

പല അവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 9/13.09.21)

## 1-41 ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ ബിൽ തുക അനുവദിച്ചു.

2020-21 ലെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കരാറുകാർക്ക് 12% ജി.എസ്.ടി വിഹിതം അനുവദിച്ച് നൽകിയതിന് ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. എന്നാൽ തുക 2.5 ലക്ഷത്തിൽ താഴെയായതിനാൽ ബിൽ തുക അനുവദിക്കുമ്പോൾ ഉത്ഭവസ്ഥാനത്ത് നിന്നും ജി.എസ്.ടി കിഴിവ് വരുത്തിയിട്ടില്ല. പ്രസ്തുത കരാറുകാർ ജി.എസ്.ടി നിയമത്തിലെ 31-ാം വകുപ്പ് പ്രകാരമുള്ള ഇൻവോയ്സ് സ്ഥാപനത്തിന് നൽകിയിട്ടില്ല. ഇൻവോയ്സിന്റെ അഭാവത്തിൽ ബിൽ തുക അനുവദിച്ചത് ക്രമത്തിലല്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. വ്യക്തമായ മറുപടിയുടെ അഭാവത്തിൽ വിഷയം ജി.എസ്.ടി വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

| പ്രൊജക്ട് നം. | പ്രൊജക്ട് | കരാറുകാരൻ | മൂല്യനിർണ്ണയം (12% GST ഉൾപ്പടെ) | വൗച്ചർ/നമ്പർ /തീയതി | തുക |
|---|---|---|---|---|---|
| 148/21 | ബോയ്സ് സോൺ നഗർ റോഡ് റീടാറിങ്ങ് | ശ്രീ.വിഷ്ണു. എം.വി | 149809 | 22000804/12.04.20 | 149809 |
| 146/21 | പാതാക്കര കാവേരി റോഡ് റീടാറിങ്ങ് | ശ്രീ.കെ.സുനിൽകുമാർ | 236430 | 22000791/12.04.20 | 236430 |
| 142/21 | ചിന്നൂസ് പരുവക്കുന്ന് റോഡ് റീടാറിങ്ങ് | ശ്രീ.പി.എൻ.വിജയൻ | 169537 | 22000801/12.04.20 | 169537 |
| 140/21 | കള്ള് ഷാപ്പ് റോഡ് റീടാറിങ്ങ് | ശ്രീ.പി.എൻ.വിജയൻ | 150037 | 22000792/12.04.20 | 150037 |

(ഓഡിറ്റ് എൻക്വയറി നം. 39/16.09.21)

## 1-42 കരാർ വെച്ചിട്ടും ആരംഭിക്കാത്ത പദ്ധതി പ്രവർത്തനങ്ങൾ

താഴെ പട്ടികപ്പെടുത്തിയ പ്രൊജക്ടുകൾ ടെണ്ടർ വിളിച്ച് കരാറിൽ ഏർപ്പെട്ടവയാണ്. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്/നമ്പർ | കരാറുകാരൻ | സാങ്കേതികാനുമതി തുക | കരാർ നംപർ | കരാർ നിരക്ക് |
|---|---|---|---|---|---|
| 1 | സാംബവ കോളനി ലിങ്ക് റോഡ് റീ ടാറിംഗ് (29/20, 212/21) | ശ്രീ. കെ.കെ. അഷ്റഫ് | 180000 | 06/AE/LSGD /KDR/19-20 തീ.28.09.19 | എസ്റ്റിമേറ്റ് നിരക്ക് |
| 2 | കെ.കെ.റീജിയൻസിയുടെ സൈഡ് വഴി റീ ടാറിംഗ് (30/20,213/21) | ശ്രീ. കെ.കെ. അഷ്റഫ് | 280000 | 08/AE/LSGD /KDR/19-20 തീ.28.09.19 | എസ്റ്റിമേറ്റ് നിരക്ക് |
| 3 | കരിക്കാട് മിൽറോഡ് റീ ടാറിംഗ് (51/20,220/21) | ശ്രീ. കെ.കെ. അഷ്റഫ് | 320000 | 82/AE/LSGD /KDR/19-20 തീ.26.02.20 | എസ്റ്റിമേറ്റ് നിരക്ക് |
| 4 | ആയുർവേദ ആശുപത്രിറോഡ് റീ ടാറിംഗ് (58/20,223/21) | ശ്രീ. കെ.കെ. അഷ്റഫ് | 150000 | 09/AE/LSGD /KDR/19-20 തീ.28.09.19 | എസ്റ്റിമേറ്റ് നിരക്ക് |

| | | | | | |
|---|---|---|---|---|---|
| 5 | പടിഞ്ഞാറ്റംമുറി പാറപ്പുറം റോഡ് റീ ടാറിംഗ് (110/20,225/21) | ശ്രീ. കെ.കെ. അഷ്റഫ് | 330000 | 83/AE/LSGD /KDR/19-20 തീ.27.02.20 | എസ്റ്റിമേറ്റ് നിരക്ക് |
| 6 | മണിയറക്കോട് അങ്കണവാടി റോഡ് റീ ടാറിംഗ് (129/20,228/21) | ശ്രീ. കെ.കെ. അഷ്റഫ് | 133000 | 07/AE/LSGD /KDR/19-20 തീ.28.09.19 | എസ്റ്റിമേറ്റ് നിരക്ക് |
| 7 | പടിഞ്ഞാറ്റമുറി കണിയാത്തപടി റോഡ് കാന നിർമ്മാണം (140/20,229/21) | ശ്രീ. കെ.കെ. അഷ്റഫ് | 497000 | 34/AE/LSGD /KDR/19-20 തീ.13.11.19 | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 2.5% കുറവ് |
| 8 | പന്തളം പള്ളിക്കുളം റോഡ് റീ ടാറിംഗ് (22/20) | ശ്രീ. കെ.കെ. അഷ്റഫ് | 447000 | 05/AE/LSGD /KDR/19-20 തീ.28.09.19 | എസ്റ്റിമേറ്റ് നിരക്ക് |
| 9 | വടക്കേ കോട്ടോൽ പ്രിയദർശിനി അങ്കണവാടികളുടെ ചുറ്റുമതിൽ നിർമ്മാണം (43/20,218/21) | ശ്രീ. പി.എൻ.വിജയൻ | 400000 | 67/AE/LSGD /KDR/19-20 തീ.30.01.20 | എസ്റ്റിമേറ്റ് നിരക്ക് |
| 10 | മാത്തോട്ടം പൊതുകിണർ മെയിന്റനൻസ് (153/20,230/21) | ശ്രീ. പി.എൻ.വിജയൻ | 461000 | 71/AE/LSGD /KDR/19-20 തീ.30.01.20 | എസ്റ്റിമേറ്റ് നിരക്ക് |
| 11 | പടിഞ്ഞാറ്റമുറി അങ്കണവാടി മെയിന്റനൻസ് (273/20,237/21) | ശ്രീ. പി.എൻ.വിജയൻ | 100000 | 72/AE/LSGD /KDR/19-20 തീ.30.01.20 | എസ്റ്റിമേറ്റ് നിരക്ക് |
| 12 | ഖാദി കോത്തോളിക്കര റോഡ് റീ ടാറിംഗ് (47/20) | ശ്രീ. പി.എൻ.വിജയൻ | 525000 | 68/AE/LSGD /KDR/19-20 തീ.30.01.20 | എസ്റ്റിമേറ്റ് നിരക്ക് |
| 13 | മുക്കുട്ടാ വാട്ടർടാങ്ക് റോഡ് റീ ടാറിംഗ് (109/20,224/21) | ശ്രീ. വിഷ്ണു. എം.വി | 210000 | 79/AE/LSGD /KDR/19-20 തീ.03.02.20 | എസ്റ്റിമേറ്റ് നിരക്ക് |
| 14 | ശിശു സൌഹൃദ ടോയ് ലറ്റ് അങ്കണവാടി (269/20,234/21) | ശ്രീ. വിഷ്ണു. എം.വി | 160000 | 27/AE/LSGD /KDR/19-20 തീ.08.11.19 | എസ്റ്റിമേറ്റ് നിരക്ക് |
| 15 | ആൽത്തറ ആനങ്ങാടി കോംപൌണ്ട് വാൾ കൺസ്ട്രക്ഷൻ (117/21) | ശ്രീ. വിഷ്ണു. എം.വി | 300000 | 09/AE/LSGD /KDR/20-21 തീ.11.09.20 | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 6.6% കുറവ് |
| 16 | വെള്ളൂർക്കുണ്ട് റോഡ് സംരക്ഷണം (287/20,240/21) | ശ്രീ. എം.കെ.മോഹനൻ | 1000000 | 02/AE/LSGD /KDR/20-21 തീ.29.05.20 | 879478.12 |
| 17 | കൺസ്ട്രക്ഷൻ ഓഫ് ഷെഡ്- വട്ടമ്മാവ് ശ്മശാനം (158/20) | ശ്രീ. കെ.സുനിൽകുമാർ | 97500 | 64/AE/LSGD /KDR/19-20 തീ.13.12.19 | എസ്റ്റിമേറ്റ് നിരക്ക് |
| 18 | കല്ലംപുറം കാരക്കുളം പുനരുദ്ധാരണം (290/20,243/21) | ശ്രീ. ടി.സുരേന്ദ്രൻ | 1000000 | 04/AE/LSGD /KDR/20-21 തീ.23.07.20 | എസ്റ്റിമേറ്റ് നിരക്ക് |

പിഡബ്ള്യൂഡി മാന്വൽ സെക്ഷൻ 2102.1 പ്രകാരം, കരാർ ഉറപ്പിച്ച് കഴിഞ്ഞ് 10 ദിവസത്തിനകം കരാറുകാരൻ വർക്ക് സൈറ്റ് ഏറ്റെടുക്കേണ്ടതും പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. മേൽ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, സൈറ്റ് ഏറ്റെടുത്ത കരാറുകാർ പിന്നീട് തുടർ പ്രവർത്തനങ്ങളൊന്നും നിർവ്വഹിച്ചിട്ടില്ല എന്നാണ് കാണുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 25/14.09.21) എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ഇതനുസരിച്ച്, കരാറുകാർക്ക് നോട്ടീസ് അയച്ചുവെങ്കിലും യാതൊരുവിധ പ്രതികരണവും ഇല്ലാതിരുന്നതിനാൽ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിനായി അയയ്ക്കുകയും ഭരണസമിതിയുടെ 23.07.21 ലെ 1(2) നമ്പർ തീരുമാനപ്രകാരം പദ്ധതികൾ ഉപേക്ഷിക്കാനാകില്ലെന്ന് തീരുമാനിച്ചതിനാൽ കരാറുകാർക്ക് വീണ്ടും നോട്ടീസ്സ് നൽകിയിട്ടും മറുപടി ലഭിച്ചില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

കരാറുകാർക്കെതിരെ കരാർ വ്യവസ്ഥപ്രകാരവും, 2012 ലെ പി. ഡബ്ള്യൂ. ഡി മാന്വൽ സെക്ഷൻ 2116.1, 2116.2, 2116.2.1 എന്നിവ നൽകിയ അധികാരപ്രകാരവും തുടർനടപടി സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ തുടർ നടപടി ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 25/14.09.21)

## 1-43 MORD സ്പെസിഫിക്കേഷൻ 800 ലെ ആവശ്യകതയേക്കാൾ കൂടുതൽ അളവിൽ Dry Aggregate ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - നിരക്ക് ഉയർന്ന് നിൽക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 18/20, 137/21 |
| പ്രൊജക്ട് | നടോള്ളിപാടം വയലോരം റോഡ് കോൺക്രീറ്റിംഗ് |
| സാങ്കേതികാനുമതി | 12045/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/38109 Dtd. 09.07.19 |
| സാങ്കേതികാനുമതി തുക | 4,00,000 രൂപ |
| കരാറുകാരൻ | ശ്രീ.എം.കെ.മോഹനൻ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 21/AE/LSGD/KDR/19-20 Dtd. 19.10.19 |
| എം.ബുക്ക് | 219/17-18 |
| വൗച്ചർ നമ്പർ, തുക | 21901443/10.01.20 = 199533 ( CFC Grant)<br>22000823/15.05.20 = 2,00,000 (DP Share) |

മേൽ പ്രവൃത്തിയുടെ മൂന്നാം ഇനം പ്രവൃത്തി P.C.C Grade M20 Nominal Mix(1:2:4) സിമന്റ് കോൺക്രീറ്റ് ആണ്. MORD സ്പെസിഫിക്കേഷൻ 800, 1200 എന്നിവയെ ആധാരമാക്കി തയ്യാറാക്കിയതാണ് മൂന്നാം ഇനം പ്രവൃത്തിയുടെ ഡാറ്റ. എസ്റ്റിമേറ്റ് പ്രകാരം ഈ ഇനം പ്രവൃത്തിക്ക് അംഗീകരിച്ചിരിക്കുന്ന നിരക്ക് 7549.93/m³ ആണ്. പ്രസ്തുത ഡാറ്റയുടെ വിശദവിവരം താഴെ ചേർക്കുന്നു.
(Unit = Cum)

| Material/Labour | Unit | Quantity | Rate (Rs) | Cost(Rs) |
|---|---|---|---|---|
| A) Material | | | | |
| Cement | Tonne | 0.33 | 5792.24 | 1911.44 |
| Sand | Cum | 0.45 | 1303.77 | 586.7 |
| 40 Mm Aggregate | Cum | 0.36 | 1362.79 | 490.6 |
| 20 Mm Aggregate | Cum | 0.36 | 1403.77 | 505.36 |
| 10 Mm Aggregate | Cum | 0.18 | 1403.77 | 252.68 |
| B) Labour | | | | |
| Mate | Day | 0.08 | 407.00 | 32.56 |
| Mason(1st Class) | Day | 0.10 | 487.00 | 48.70 |
| Mazdoor(unskilled) | Day | 1.63 | 368.00 | 599.84 |
| Bhisti | Day | 0.27 | 407.00 | 109.89 |
| C) Machinery | | | | |
| Concrete Mixer 0.28/0.4cum Capacity<br>Formwork@4% On (A+b+c) | Hour | 0.4 | 100.00 | 40.00 |
| Cost Of 1 Cum 4760.88 | | | | |
| Add Overhead @ 10% 476.08 | | | | |
| Add Contractors Profit @ 10% 523.69 | | | | |
| Cost Index @ 31.06% 1789.26 | | | | |
| Total With Cost Index 7549.93 | | | | |
| Say 7549.93 | | | | |

ഈ ഡാറ്റ പ്രകാരം സിമന്റ് കോൺക്രീറ്റിന് Fine Aggregate (Sand) 0.45m³ ഉപയോഗിക്കുമ്പോൾ Coarse Aggregate 0.90m³ (0.36 + 0.36 + 0.18) ആണ് ഉപയോഗിച്ചിരിക്കുന്നത്. ഉപയോഗിച്ചിരിക്കുന്ന സിമന്റിന്റെ അളവ് 330 Kg (0.33 Metric Tonne) ആണ്. MORD സ്പെസിഫിക്കേഷൻ 800 അനുസരിച്ച് (ടേബിൾ 800.6) P.C.C Grade M20 Nominal Mix സിമന്റ് കോൺക്രീറ്റിന് 50 Kg സിമന്റ് ഉപയോഗിക്കുമ്പോൾ Dry Aggregate ന്റെ Mass (Fine Aggregate + Coarse Aggregate) 250 Kg മതിയാകുന്നതാണ്. എന്നാൽ മേൽ ഡാറ്റയിൽ 330 Kg സിമന്റിന് ഉപയോഗിച്ചിരിക്കുന്ന Dry Aggregate ന്റെ Mass 2812.50 Kg ആണ് (Density Of Fine Aggregate ഏറ്റവും

ചുരുങ്ങിയത് 1450 Kg/m³, Density Of Coarse Aggregate ഏറ്റവും ചുരുങ്ങിയത് 2400 Kg/m³ ആണെന്നിരിക്കെ Dry Aggregate ന്റെ Mass = (0.45 X 1450) + (0.90 X 2400) = 652.5 + 2160 = 2812.50 ). അതായത് MORD സ്പെസിഫിക്കേഷൻ 800 അനുസരിച്ച് (ടേബിൾ 800.6), 330 Kg സിമന്റ് ഉപയോഗിക്കുമ്പോൾ Dry Aggregate ന്റെ Mass 1650 Kg മതിയെന്നിരിക്കെ 2812.50 Kg ഉപയോഗപ്പെടുത്തേണ്ട ആവശ്യകത ഇല്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഡാറ്റയിൽ ഉപയോഗപ്പെടുത്തുന്ന Fine Aggregate (Sand) ന്റെയും, Coarse Aggregate ന്റെയും അളവ് വളരെ കൂടുതൽ ആണ്. ഇത് കാരണം ഈ ഇനം പ്രവൃത്തിയുടെ നിരക്ക് അർഹമായതിലും അധികം ഉയർന്ന് നിൽക്കുന്നു.

മേൽ അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കേണ്ടതുമാണ്.

## 1-44 മൂല്യനിർണ്ണയത്തേക്കാൾ അധികം തുക പിൻവലിച്ചു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 111/21 |
| പ്രൊജക്ട് | കൊരട്ടിക്കര ജി.യു.പി സ്കൂൾ ടോയ് ലറ്റ് സമുച്ചയം |
| സാങ്കേതികാനുമതി | 64337/2020-21 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2020-21/37812 Dtd. 07.09.20 |
| സാങ്കേതികാനുമതി തുക | 6,26,000 രൂപ |
| കരാറുകാരൻ | ശ്രീ.ടി.സുരേന്ദ്രൻ |
| കരാർ നിരക്ക് | 524672.66 |
| കരാർ ഉടമ്പടി | 19/AE/LSGD/KDR/2020-21 Dtd. 28.10.20 |
| എം.ബുക്ക് | 35/19-20, 03/2020-21, 05/2020-21 |
| വൗച്ചർ നംപർ, തുക | 22001280/08.02.21 = 2,66,781 ( CFC Tied)<br>22001368/27.03.21 = 2,56,551 ( CFC Tied) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ മൂല്യനിർണ്ണയം നടത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് 521107 രൂപയ്ക്കാണ് (പേജ് 12,13 എം ബുക്ക് 05/2020-21 കാണുക). എന്നാൽ ട്രഷറിയിൽ നിന്നും മേൽ വിവരിച്ച പ്രകാരം ആകെ 523332രൂപ (266781 + 256551 = 523332) ഈ ആവശ്യത്തിനായി പിൻവലിച്ചിട്ടുണ്ട്. അധികം പിൻവലിച്ച 2225 രൂപ (523332-521107 = 2225) കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 38/16.09.21)

## 1-45 പൊതുടാപ്പുകൾ ഉപയോഗശൂന്യമാണെന്ന് കണ്ടെത്തിയിട്ടും വാട്ടർചാർജ്ജ് അടവാക്കുന്നു

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പ്രതിമാസം 1,34,313 രൂപ വീതമാണ് വാട്ടർഅതോറിറ്റിയിലേക്ക് പൊതുടാപ്പുകളുടെ വാട്ടർചാർജ്ജായി അടവാക്കിയിട്ടുള്ളത്. ഇത് പ്രതിവർഷം 5250 രൂപ ക്രമത്തിൽ 307 പൊതുടാപ്പുകളുടെ വാട്ടർചാർജ്ജാണ് (5250 X 307/12). വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിനെ തുടർന്ന് 11 പൊതുടാപ്പുകൾ ഉപയോഗശൂന്യമാണെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത പൊതുടാപ്പുകളുടെ വാട്ടർചാർജ്ജ് ബിൽ തുകയിൽ കുറച്ച് നൽകുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടാൻ 26.02.20 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം 12(1) പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെയും വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയ പൊതുടാപ്പുകളുടെ വാട്ടർചാർജ്ജ് മുൻ മാസങ്ങളിലെ അതേനിരക്കിൽ തന്നെയാണ്. ഇത് സംബന്ധിച്ച വൗച്ചർ വിശദാംശം താഴെ ചേർക്കുന്നു.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 22000064/30.04.20 | 134313 |
| 22000171/15.06.20 | 134313 |
| 22000229/26.06.20 | 134313 |
| 22000304/28.07.20 | 134313 |
| പ്രോജക്ട് നമ്പർ 262/21 പ്രകാരം ചെലവ് | 1074504 |

ഇത് കാരണം ഏറ്റവും ചുരുങ്ങിയത്, ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ 12 മാസങ്ങളിലായി 57750രൂപ (5250 X 11 X 12/12) വാട്ടർഅതോറിറ്റിയിലേക്ക് അധികമായി അടവാക്കിയിട്ടുണ്ട്. ഈ തുക ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 45/17.09.21)

## 1-46 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി തുക കൈമാറിയത്- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

08.06.2015 ലെ സ.ഉ. (എം.എസ്) നം. 188/15/തസ്വഭവ പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന് കൂടുതൽ നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓരോ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെയും

പ്രവർത്തനങ്ങൾക്കായി യൂണിറ്റിന് കീഴിൽ വരുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളും വർഷം തോറും 10,000 രൂപാ വീതം നീക്കി വെയ്ക്കണം എന്നും പ്രസ്തുത തുക പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ഈ ആവശ്യത്തിനായി ആരംഭിക്കുന്ന ദേശസാൽകൃത ബാങ്കിന്റെ അക്കൗണ്ടിലേക്ക് കൈമാറേണ്ടതാണെന്നും ഉത്തരവ് വ്യവസ്ഥപ്പെടുത്തിയിരുന്നു.

ഈ തുക സ്റ്റോർ പർച്ചേയ്സ് മാനവൽ നിബന്ധനകൾ അനുസരിച്ച് കമ്പ്യൂട്ടർ, ഫർണീച്ചർ, ഓഫീസ് സ്റ്റേഷനറി, ഇന്റർനെറ്റ് സംവിധാനം, പ്രതിമാസ നെറ്റ്ചാർജ്ജ് എന്നിവയ്ക്കായി ചെലവ് ചെയ്യാവുന്നതാണ്. പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ഈ തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്തുകൾക്ക് നൽകാനും ഉത്തരവ് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

16.02.18 ലെ സ.ഉ(സാധാ)നം. 475/18/തസ്വഭവ പ്രകാരം അക്കൗണ്ടന്റ് കം ഐ.ടി എക്സ്പേർട്ട്മാരുടെ സേവനത്തിനുള്ള വിഹിതമായി 20000 രൂപ അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമ പഞ്ചായത്ത് 2020-21ൽ, വൗച്ചർ നംപർ 22000386/14.08.20 പ്രകാരം 30,000 രൂപ ( 2018-19 ലെ ബാക്കി വിഹിതം 20000 രൂപയും, 2019-20 ലെ വിഹിതം 10000 രൂപയും) പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക് കൈമാറിയിട്ടുണ്ട്. ഇതിനു പുറമേ 2019-20 ലെ ബാക്കി വിഹിതം 20000 രൂപ വൗച്ചർ നംപർ 22000687/17.11.20 പ്രകാരവും കൈമാറിയിട്ടുണ്ട്. ഈ തുകകൾക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ നൽകിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 46/17.09.21)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മൂല്യനിർണ്ണയത്തേക്കാൾ അധികം തുക പിൻവലിച്ചു

| | |
|---|---|
| പ്രൊജക്റ്റ് നംപർ | 111/21 |
| പ്രൊജക്റ്റ് | കൊരട്ടിക്കര ജി.യു.പി സ്കൂൾ ടോയ്‌ലെറ്റ് സമുച്ചയം |
| സാങ്കേതികാനുമതി | 64337/2020-21 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2020-21/37812 Dtd. 07.09.20 |
| സാങ്കേതികാനുമതി തുക | 6,26,000 രൂപ |
| കരാറുകാരൻ | ശ്രീ.ടി.സുരേന്ദ്രൻ |
| കരാർ നിരക്ക് | 524672.66 |
| കരാർ ഉടമ്പടി | 19/AE/LSGD/KDR/2020-21 Dtd. 28.10.20 |
| എം.ബുക്ക് | 35/19-20, 03/2020-21, 05/2020-21 |
| വൗച്ചർ നമ്പർ, തുക | 22001280/08.02.21 = 2,66,781 (CFC Tied)<br>22001368/27.03.21 = 2,56,551 (CFC Tied) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ മൂല്യനിർണ്ണയം നടത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് 521107 രൂപയ്ക്കാണ് (പേജ് 12,13 എം ബുക്ക് 05/2020-21 കാണുക). എന്നാൽ ട്രഷറിയിൽ നിന്നും മേൽ വിവരിച്ച പ്രകാരം ആകെ 523332രൂപ (266781 + 256551 = 523332) ഈ ആവശ്യത്തിനായി പിൻവലിച്ചിട്ടുണ്ട്. അധികം പിൻവലിച്ച 2225 രൂപ (523332-521107 = 2225) കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 38/16.09.21)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 25,592 | ഭവനപുനരുദ്ധാരണം – ആശ്രയ | 25,592 | 0 |
| ജില്ലാ പഞ്ചായത്ത് | 1,60,000 | ലൈഫ് ജനറൽ | 1,60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 26,00,000 | ലൈഫ് സ്ഥലം വാങ്ങൽ | 26,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 3,00,000 | അനുപൂരക പോഷകാഹാരം | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2,00,000 | നാടോളിപ്പാടം വയലോരം റോഡ് കോൺക്രീറ്റിംഗ് | 2,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് ചൊവ്വന്നൂർ | 3,50,000 | സമഗ്രനെൽകൃഷി വികസനം | 3,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ചൊവ്വന്നൂർ | 11,50,000 | നെൽകൃഷി വികസനം | 11,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ചൊവ്വന്നൂർ | 37,500 | കിഴങ്ങ് വർഗ്ഗകൃഷി വ്യാപനം | 37,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ചൊവ്വന്നൂർ | 1,49,965 | പരിരക്ഷ സാന്ത്വനപരിചരണം | 1,49,965 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ചൊവ്വന്നൂർ | 2,00,000 | ലൈഫ് മിഷൻ (എസ്.സി) | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ചൊവ്വന്നൂർ | 3,00,000 | ലൈഫ് മിഷൻ (ജനറൽ) | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ചൊവ്വന്നൂർ | 1,60,000 | അനുപൂരകപോഷകാഹാര പരിപാടി | 1,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ചൊവ്വന്നൂർ | 3,50,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 3,50,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | പ്രോജക്ടിന്റെ പേരുവിവരം | ഫണ്ട് വിവരം | വൗച്ചർ നം | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 29/2021 വിവിധ കുടിവെള്ളപദ്ധതികളുടെ ബാക്കിതുക അടവാക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 22000924/ 07.11.20 | 17,42,977 | ഭൂജല വകുപ്പ് |
| 2 | 98/2021 പാറപ്പുറം കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ജനറൽ) | 22000820/ 14.05.20 | 43,000 | ഭൂജല വകുപ്പ് |
| | | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 22000931/ 10.11.20 | 1,57,000 | ഭൂജല വകുപ്പ് |

| | | | | | |
|---|---|---|---|---|---|
| 3 | 191/2021 വിവിധ കുടിവെള്ളപദ്ധതികളുടെ ബാക്കിതുക അനുവദിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ജനറൽ) | 22000813/ 12.05.20 | 7,45,145 | ഭൂജല വകുപ്പ് |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി- കടവല്ലൂർ സർവ്വീസ് സഹ. ബാങ്ക് | സ.ഉ.(എം.എസ്)83/13 /ത.സ്വ.ഭ.വ. തി:11-03-13 | 2,00,00,000 | 1,28,81,926(വാർഷിക കണക്ക പ്രകാരം) | 20,00,000 | 26,81,926 | 82,40,000(വാർഷിക കണക്ക പ്രകാരം)* |
| *വാർഷികകണക്കുമായി ബന്ധപ്പെട്ട അപാകതകൾ പ്രത്യേകമായി പരാമർശിച്ചിട്ടുള്ളതാണ്. | | | | | | |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,05,100 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 50,05,100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50,05,100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ്മിൽ ലിമിറ്റഡ് | 5,100 | 084/05.07.2001 |
| കടവല്ലൂർ സർവീസ് സഹകരണബാങ്ക് | 50,00,000 | 37758/01.07.19 |
| ആകെ | 50,05,100 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (ഈ വിവരം പഞ്ചായത്തിനോട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും "ഇല്ല" എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള വിവരം അതേപടി താഴെ ചേർക്കുന്നു.)

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 4 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2.6 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,11,94,908 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,50,11,893 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2225 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2319120 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2225 | ശ്രീ.ജോജു, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 65610 | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-25 | 1287934 | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-26 | 335851 | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-27 | 166400 | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-28 | 100000 | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-30 | 168325 | സഹിറ, ICDS, സൂപ്പർവൈസർ |
| 1-31 | 120000<br>75000 | സിനോജ്, VEO<br>നിഷ, VEO |
| ആകെ | 2319120 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 3-1 | 2225 | ശ്രീ.ജോജു, അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജോജു, അസിസ്റ്റന്റ് എഞ്ചിനീയർ,കടവല്ലൂർ ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ല | കൈതാരത്ത് ഹൗസ്, എരവിമംഗലം തൃശ്ശൂർ ജില്ല |

റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 1-24 | 65610 | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, | ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| | | പി.എച്ച്.സി | കടവല്ലൂർ പി.എച്ച്.സി | |
| 1-25 | 1287934 | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, കടവല്ലൂർ പി.എച്ച്.സി | ലഭ്യമല്ല |
| 1-26 | 335851 | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, കടവല്ലൂർ പി.എച്ച്.സി | ലഭ്യമല്ല |
| 1-27 | 166400 | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, കടവല്ലൂർ പി.എച്ച്.സി | ലഭ്യമല്ല |
| 1-28 | 100000 | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, കടവല്ലൂർ പി.എച്ച്.സി | ലഭ്യമല്ല |
| 1-30 | 168325 | സഹിറ.പി.പി, ICDS, സൂപ്പർവൈസർ | വലിയകത്ത് ഹൗസ്, കുറുമാൽ | |
| 1-31 | 120000 | സിനോജ്, വി.ഇ.ഒ | അഴിക്കോട്ടിൽ ഹൗസ്, മരത്തംകോട്, വെളിത്തുരുത്തി | |
| | 75000 | നിഷ വി.ഇ.ഒ | ഓട്ടോളി ഹൗസ്, വെണ്ടോർ, അളഗപ്പനഗർ | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| | ഓഡിറ്റ് അദാലത്ത് നമ്പർ എൽ.എഫ് ടി.(എസ്.2)- 894 /27 .7 .11 /01.10.11 |
| 76-77 | എൽ എഫ് ഇ3-2829/78/ 13.03.79 |
| 84--85 | എൽ എഫ് ടി. 10-1790/ 96/ 07.12.96 |
| 88-89,89-90 | എൽ എഫ് ടി 10-642/94/ 20.03.96 |
| 90-91 | എൽ എഫ് ടി10-1658/ 94/ 05.06.94 |
| 91-92 | എൽ എഫ് ടി10-963/93/ 06.06.94 |
| 92-93,93-94 | എൽ എഫ് ടി10-233/95/ 11.12.95 |
| 94-95,95-96 | എൽ എഫ് ടി10- 245/ 2000/ 05.08 2000 |
| 96-97(ചെലവ്) | എൽ എഫ് ടി5-5/98/ 02.01.99 |
| 97-98(ചെലവ്) | എൽ എഫ് ടി10/1445/98/ 13.01.99 |
| 98-99(ചെലവ്) | എൽ എഫ് ടി 10-762/01/ 27.08.01 |
| 99-00(ചെലവ്) | എൽ എഫ് ടി 10-923/03/ 03.09.03 |
| 2000-01,2001-02 (ജനകീയാസൂത്രണം) | എൽ എഫ് ടി10-6543/03/ 05.05.04 |
| 96-97( ചെലവ്) | എൽ എഫ് ടി.10-169/08/01.01.09 |
| 97-98( ചെലവ്) | എൽ എഫ് ടി10-170/08/01.01.09 |

| | |
|---|---|
| 98-99 (ചെലവ്) | എൽ എഫ് ടി10-171/08/01.01.09 |
| 2000-01 | എൽ എഫ് ടി10- 173/08/01.01.09 |
| 2001-2002 | എൽ എഫ് ടി 10- 174/08/04.05.09 |
| 2002-03 | എൽ എഫ് ടി10-1050/08/31.08.09 |
| 2003-04 | എൽ എഫ് ടി10-1051/08/31.08.09 |
| 2004-05 | എൽ എഫ് ടി10-245/09/14.06.10 |
| 2005-06 | എൽ എഫ് ടി10-1372/09/06.08.10 |
| 2006-07 | എൽ എഫ് ടി10-1373/11.08.10/13.10.11 |
| 2007-08 | എൽ എഫ് ടി (പി. 2)164/ 12/05.06.12 |
| 2008-09 | എൽ എഫ് ടി(പി. 2) 165/12/05.06.12 |
| 2009-10 | എൽ എഫ് ടി (പി 2)166/ 12/05.06.12/ 05.07.12 |
| 2010-11 | എൽ എഫ് ടി (പി .2) 2237/12/14.2.13/ 09.05.13 |
| 2011-12 | എൽ എഫ് ടി(പി. 6)1975/13/17.08.14/ 09.07.14 |
| 2012-13 | എൽ എഫ് ടി (പി.9) 1450/ 14/12.01.15/ 6.05.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി9)941/15 20.10.2015/ 04.11.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി9)923/16/ 16.6.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി9)1855/16/ 8.11.16/5.12.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി6)1524/17/ 29.11.17/30.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി6)24/19 3.04.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി6)/1494/19 16.12.19 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(പി6)/1339 /21/22.02.2022 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്